മേൽ പ്രവൃത്തിയിൽ ഡിസ്മാന്റിൽ ചെയ്ത റീപ്ലേസ്മെന്റ് വിലയായ 611/- രൂപ ബില്ലിൽ നിന്നും ഈടാക്കേണ്ടതാണെന്ന് അളവു പുസ്തകം പേജ് 3 ൽ അസിസ്റ്റന്റ് എഞ്ചിനിയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബില്ലിൽ നിന്നും കുറവു ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 8/25-06/22 ന് തുക ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-19 ഇ-ടെന്റർ ഫീസ്

ഗ്രാമ പഞ്ചായത്ത് 2020-21 വർഷം ഇ-ടെന്റർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവർത്തികളുടെ ടെന്റർ ഫീസിനത്തിൽ എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലേക്ക് (SBI 67087488023) വരവ് വന്നിട്ടുള്ള തുക ഗ്രാമപഞ്ചായത്ത് തനതുഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

## 1-20 ടാർ വീപ്പയുടെ വില കുറവു ചെയ്യുന്നത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നു

വികസന ഫണ്ട്/ റോഡു സംരക്ഷണ ഗ്രാന്റുപയോഗിച്ച് നടപ്പിലാക്കിയ പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവു ചെയ്ത ടാർ വീപ്പയുടെ വില ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിലാണ് ( അക്കൗണ്ട് നമ്പർ 799013000000515) ഒടുക്കിയിരിക്കുന്നത്. ഏതാനും ഉദാഹരണം ചുവടെ കൊടുക്കുന്നു.

| ക്രമ | പ്രവൃത്തി | ഈടാക്കിയ | ചെലവഴിച്ച | ചെലവു |
|---|---|---|---|---|

| നമ്പർ | | ടാർ വീപ്പയുടെ വില | ഫണ്ട് ഇനം | വിവരം |
|---|---|---|---|---|
| 1 | പൂങ്കാവ് കരിശ്ശടി റോഡ് ടാറിംഗ് | 5605 | മെയിന്റനൻസ് ഗ്രാന്റ് | 39/25-03-21 രൂപ 958670/- |
| 2 | ജനോദ്ധാരണ സമിതി -ചക്കലയിൽ റോഡ് ടാറിംഗ് | 2655 | വികസന ഫണ്ട് | 59/02-06-20 രൂപ 270249/- |

ടാർ വീപ്പ വിറ്റ് കിട്ടുന്ന തുക ഏതു ഫണ്ടിൽ നിന്നാണോ തുക ചെലവഴിച്ചത് (വികസന ഫണ്ട് / മെയിന്റനൻസ് ഗ്രാന്റ്) അതേ ഫണ്ടിൽ ജി.ഒ.(പി)177/06 ധനം12-04-06 ഉത്തരവ് ഖണ്ഡിക 10.3 പാലിച്ച് തിരിച്ചടയ്ക്കേണ്ടതാണ്. ഈ സാമ്പത്തിക വർഷം മുതൽ ടാർവീപ്പയുടെ വില കണക്കാക്കി ആയത് റിക്വസിഷൻ തുകയിൽ നിന്നും കുറവ് ചെയ്ത് ബാലൻസ് തുകയ്ക്കുള്ള റിക്വസിഷൻ നൽകുന്നതിന് ശ്രദ്ധ ചെലുത്തിക്കൊള്ളാം എന്ന് 7/25-06 - 22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടുണ്ട്.

## 1-21 ഗ്രാവൽ ഫില്ലിംഗ് പ്രവൃത്തികളിൽ കൺസോളിഡേഷൻ ഇനത്തിൽ (ഷ്രിങ്കേജ്) 10% കുറവ് ചെയ്യാതെതുക അനുവദിച്ചു.

തൊഴിലുറപ്പപദ്ധതിയിൽപ്പെടുത്തി ചെയ്ത ടൈൽ റോഡ് നിർമ്മാണ പ്രവൃത്തികളിലെ ഗുഡ് എർത്ത് ഉപയോഗിച്ചുള്ള ഫില്ലിംഗ് അളവ് രേഖപ്പെടുത്തിയിരിക്കുന്നത് ടേപ്പ് മെഷർമെന്റിലാണ്. എന്നാൽ മേൽ അളവിൽ നിന്നും കൺസോളിഡേഷൻ ഇനത്തിൽ (ഷ്രിങ്കേജ്) 10% കുറവ് ചെയ്യാതെയാണ് താഴെപ്പറയുന്ന പ്രവൃത്തികളിൽ സപ്ലൈയർക്ക് തുക അനുവദിച്ചിരിക്കുന്നത്.റോഡ് ഉയർത്തുന്നതിനാവശ്യമായ ഗുഡ് എർത്തിന്റെ അളവ് ഒരു ഇനമായി ഉൾപ്പെടുത്തി ആ അളവിൽ കരാറുകാരെക്കൊണ്ട് സപ്ലൈ ചെയ്ത് സ്റ്റാക്ക് രേഖപ്പെടുത്തി @1000/m3 നിരക്കിൽ തുക അനുവദിക്കുന്ന രീതിയാണ് എല്ലാ പ്രവൃത്തികളിലും ചെയ്യുന്നത്. കൺസോളിഡേറ്റ് ചെയ്ത് റോഡ് ഉയർത്തുമ്പോഴും ഫില്ലിംഗ് അളവിൽ നിന്നും കൺസോളിഡേഷൻ ഇനത്തിൽ (ഷ്രിങ്കേജ്) 10% കുറവ് ചെയ്യാതെയാണ് താഴെപ്പറയുന്ന പ്രവൃത്തികളിൽ സപ്ലൈയർക്ക് തുക അനുവദിച്ചിരിക്കുന്നത്. ഇത് കരാറുകാർക്ക് സാധന വിലയിനത്തിൽ അധികം നൽകാനിടയാക്കി. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാരൻ | സ്റ്റാക്ക് അളവ്/ ഫില്ലിംഗ് അളവ് (M3) | കൺസോളിഡേഷൻ ഇനത്തിൽ 10% കുറവ് ചെയ്യേണ്ടിയിരുന്ന അളവു തുകയും | ഫണ്ട് ട്രാൻസ്ഫർ ചെയ്ത തീയതി |
|---|---|---|---|---|---|
| 1 | തെക്കേ തൈവെളി റോഡ് കോൺക്രീറ്റ് | ശ്യാംകുമാർ | 76.20 M3 | 7.620 M3 @1000 = 7620 | 11-01-21 |
| 2 | കുനപറമ്പ് ടൈൽ റോഡ് നിർമ്മാണം | അനസ് നൈന | 36.260 M3 | 3.626 @1000 = 3626 | 16-05-20 |
| 3 | മീനപ്പള്ളി ടൈൽ റോഡ് നിർമ്മാണം | അനസ് നൈന | 21.7680 M3 | 2.177 M3 @1000 = 2177 | 04-08-20 |
| 4 | വെള്ളാണി മഠം ടൈൽ റോഡ് നിർമ്മാണം | സെക്രട്ടറി ആലപ്പുഴ ജില്ലാ ലേബർ കോൺട്രാക്ട് സൊസൈറ്റി | 26.068 M3 | 2.607 M3 @1000 = 2607 | 30-09-20 |
| 5 | ഒറ്റപ്പറമ്പ് ടൈൽ റോഡ് നിർമ്മാണം | സിയാദ് മേത്തർ | 7.2 M3 | 0.720 M3 @1000 = 720 | 20-02-21 |
| 6 | പറേക്കാട് ടൈൽ റോഡ് നിർമ്മാണം | ഷൗക്കത്തലി | 21.21 M3 | 2.121 M3 @1000 = 2121 | 10-10-20 |
| 7 | കണ്ണമ്പള്ളി ടൈൽ റോഡ് നിർമ്മാണം | സിയാദ് മേത്തർ | 26.184 M3 | 2.6184 M3 @1000 = 2618 | 03-03-21 |
| 8 | നികർത്തിൽ മൂര്യംവെളിടൈൽ റോഡ് നിർമ്മാണം | ഷാഹുൽ ഹമീദ് | 19.812 M3 | 1.981 M3 @ 1000 = 1981 | 07-03-21 |
| 9 | കുറിച്ചിറടൈൽ റോഡ് | സെക്രട്ടറി ആലപ്പുഴ ജില്ലാ | 27.394 M3 | 2.739 M3 @1000 = 2739 | 28-02-21 |

| | | | | | |
|---|---|---|---|---|---|
| | നിർമ്മാണം | ലേബർ കോൺട്രാക്ട് സൊസൈറ്റി | | | |
| 10 | സനൽ കുമാർ മെമ്മോറിയൽ ടൈൽ റോഡ് നിർമ്മാണം | അനസ് നൈന | 19.664 M3 | 1.966 M3 @1000 = 1966 | 03-11-20 |
| 11 | തരംഗം കോൺക്രീറ്റ് റോഡ് | ഷൗക്കത്തലി | 30.60 M3 | 3.06 M3 @1000 = 3060 | 28-03-21 |
| 12 | പ്രിയൻ വെട്ടക്കടവ് പാലം കോൺക്രീറ്റ് റോഡ് | ശ്യാംകുമാർ | 7.56 M3 | 0.756 M3 @1000 = 756 | 11-08-20 |
| 13 | ശ്രീപദം പടിപുരയ്ക്കൽ ഗുരുപാദം ടൈൽ റോഡ് | സെക്രട്ടറി ആലപ്പുഴ ജില്ലാ ലേബർ കോൺട്രാക്ട് സൊസൈറ്റി | 27.828 M3 | 2.783 M3 @1000 = 2783 | 18-03-21 |
| 14 | തൈപ്പറമ്പ് കോൺക്രീറ്റ് റോഡ് | ഷൗക്കത്ത് | 16.845 M3 | 1.685 M3 @1000 = 1685 | 21-04-21 |
| 15 | പള്ളത്ത് ടൈൽ റോഡ് | സെക്രട്ടറി ആലപ്പുഴ ജില്ലാ ലേബർ കോൺട്രാക്ട് സൊസൈറ്റി | 53.652 M3 | 5.365 M3 @1000 = 5365 | 28-09-20 |
| 16 | ആശാൻ മെമ്മോറിയൽ ടൈൽ റോഡ് | മൗലാനാ അബ്ദുൾകലാം ആസാദ് | 16.50 M3 | 1.650 M3 @1000 = 1650 | 06-02-21 |
| 17 | പുളിച്ചുവട്ടിൽ ടൈൽ റോഡ് | മൗലാനാ അബ്ദുൾകലാം ആസാദ് | 24.90 M3 | 2.49 M3 @1000 = 2490 | 11-02-21 |
| 18 | നികർത്തിൽ ടൈൽ റോഡ് | മൗലാനാ അബ്ദുൾകലാം ആസാദ് | 11.4 M3 | 1.14 M3 @1000 = 1140 | 17-03-21 |
| 19 | വലിയ കോവിലകം ടൈൽ റോഡ് | മൗലാനാ അബ്ദുൾകലാം ആസാദ് | 12.39 M3 | 1.239 M3 @1000 = 1239 | 27-03-21 |
| 20 | റൂറൽ ബണ്ട് കുറ്റിക്കൽ ടൈൽ റോഡ് | പ്രദീപ് .വി | 41.25 M3 | 4.125 M3 @1000 = 4125 | 19-03-21 |
| 21 | ആദർശ് മിത്രം ടൈൽ റോഡ് | പീറ്റർ . സി. എ | 55.20 M3 | 5.520 M3 @1000 = 5520 | 23-03-21 |
| 22 | ജോസഫ് ജംഗ്ഷൻ കോൺക്രീറ്റ് റോഡ് | പീറ്റർ സി. എ | 32.50 M3 | 3.250 M3 @1000 = 3250 | 30-12-20 |
| 23 | മഹാ വിഷ്ണ ക്ഷേത്രം കോൺക്രീറ്റ് റോഡ് നിർമ്മാണം | പീറ്റർ സി. എ | 53.50 M3 | 5.350 M3 @1000 = 5350 | 17-02-21 |
| 24 | പാറച്ചൂട്ട് ലൈൻ കോൺക്രീറ്റ് റോഡ് നിർമ്മാണം | പീറ്റർ സി. എ | 59.92 M3 | 5.992 M3 @1000 = 5992 | 03-03-21 |
| 25 | വികസനം നടപ്പാത കോൺക്രീറ്റ് റോഡ് | പീറ്റർ .സി.എ | 39 M3 | 3.9 M3 @1000 = 3900 | 11-02-20 |
| 26 | കോമച്ചാംവേലി കോൺക്രീറ്റ് റോഡ് | പീറ്റർ സി. എ | 29.20 M3 | 2.920 M3 @1000 = 2920 | 27-10-20 |
| 27 | പൂങ്കാവ് കൊല്ലാറ ടൈൽ റോഡ് | അനസ് നൈന | 11.8 M3 | 1.18 M3 @1000 = 1180 | 31-03-21 |
| 28 | മിത്രം ടൈൽ റോഡ് | പീറ്റർ സി. എ | 51.30 M3 | 5.130 M3 @1000 = 5130 | 31-03-21 |
| 29 | ജാതിക്കാപറമ്പ് കോൺക്രീറ്റ് റോഡ് | പീറ്റർ സി.എ | 50 M3 | 5 M3 @1000 = 5000 | 27-10-20 |
| 30 | പത്തു തൈയ്യിൽ കോൺക്രീറ്റ് റോഡ് | പീറ്റർ സി.എ | 71.76 M3 | 7.176 M3 @1000 = 7176 | 17-02-21 |
| | ആകെ | | | 92521 | |
| | മുൻ വർഷത്തെ പ്രവൃത്തികൾ | | | | |
| 31 | ശങ്കരശ്ശേരി കന്നിട്ട ടൈൽ | ഷൗക്കത്തലി | 17.57 M3 | 1.757 M3 @1000 = 1757 | 17-02-20 |

| | | | | | |
|---|---|---|---|---|---|
| | റോഡ് | | | | |
| 32 | ഗ്യാലക്സി ചക്കാലയിൽ ടൈൽ റോഡ് | സെക്രട്ടറി ആലപ്പുഴ ജില്ലാ ലേബർ കോൺട്രാക്ട് സൊസൈറ്റി | 14.40 M3 | 1.440 M3 @1000 = 1440 | 05-03-20 |
| 33 | കണിയാം വെളി ടൈൽ റോഡ് | പ്രദീപ് വി | 12.104 M3 | 1,.210 M3 @1000 = 1210 | 17-03-20 |
| 34 | കലാഭവൻ ടൈൽ റോഡ് | പ്രദീപ് വി | 33.75 M3 | 3.375 M3 @1000 = 3375 | 28-02-20 |
| 35 | NH66 – വടയാറ്റുശ്ശേരി ടൈൽ റോഡ് | പ്രദീപ് വി | 37.8750 M3 | 3.787 M3 @1000 = 3787 | 02-03-20 |
| 36 | ലൂഥറൻ ഹൈസ്കൂൾ ടൈൽ റോഡ് | ഷൗക്കത്തലി | 29.61 M3 | 2.961 M3 @1000 = 2961 | 24-02-20 |
| 37 | RO Plant ടൈൽ റോഡ് | സിയാദ് മേത്തർ | 54 M3 | 5.4 M3 @1000 = 5400 | 12-03-20 |
| 38 | തുമ്പോളി ചർച്ച് ടൈൽ റോഡ് | സിയാദ് മേത്തർ | 21.35 M3 | 2.135 M3 @1000 = 2135 | 27-02-20 |
| 30 | പാടത്ത് പത്തേൽ ടൈൽ റോഡ് | അനസ് നൈന | 38.88 M3 | 3.888 M3 @1000 = 3888 | 31-01-20 |
| 40 | ആരാധന ചക്കനാട്ട് ചിറ ടൈൽ റോഡ് | ഷാഹുൽ ഹമീദ് | 15.30 M3 | 1.530 M3 @1000 = 1535 | 14-03-20 |
| | ആകെ | | | 27488 | |

ഷ്രിങ്കേജ് 10% കുറവു ചെയ്യാതെ തുക അനുവദിച്ചത് വഴി രൂപയുടെ അധികച്ചെലവിനിടയാക്കി. ടി തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ 24/28 -06-22 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് കരാറുകാരിൽ നിന്നും തുക ഈടാക്കിക്കൊള്ളാമെന്ന് അറിയിച്ചിട്ടുണ്ട്.

## 1-22 കരാറുകാരിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല

തൊഴിലുറപ്പുപദ്ധതിയിൽപ്പെടുത്തി ചെയ്ത റോഡ് നിർമ്മാണ പ്രവൃത്തികൾക്ക് സാധന സാമഗ്രികൾ സപ്ളൈ ചെയ്ത കരാറുകാർക്ക് തുക അനുവദിച്ചപ്പോൾ നിയമാനുസൃതം ഈടാക്കേണ്ട ആദായ നികുതി (ആദായ നികുതി നിയമം 194 C ) ഈടാക്കിയില്ല . തൊഴിലുറപ്പ് പദ്ധതിയുടെ എല്ലാ സാമ്പത്തിക ഇടപാടുകളും എം. ഐ. എസ് മുഖേനേയാണ് നടത്തുന്നത്. ആദായ നികുതി ഈടാക്കുന്നതിനുള്ള സൗകര്യം എം. ഐ.എസ് ൽ ലഭ്യമല്ലാത്തതു കാരണം വെണ്ടർ /സപ്ളയർ ഗ്രാമപഞ്ചായത്തിൽ നേരിട്ട് ഒടുക്കുമെന്ന് ഉറപ്പാക്കി ബിൽ സെറ്റിൽ ചെയ്യുകയാണ് വേണ്ടിയിരുന്നത്.. എന്നാൽ പ്രവൃത്തികളുടെ ആദായ നികുതി കരാറുകാർ ഗ്രാമപഞ്ചായത്തിൽ ഒടുക്കിയിട്ടില്ല.

| ക്രമ നം | പ്രവൃത്തിയുടെ പേര് | കരാറുകാരൻ | സാധന വിലയിനത്തിൽ അനുവദിച്ച തുക | ഈടാക്കേണ്ട ആദായ നികുതി (1%) | ഫണ്ട് കൈമാറ്റം ചെയ്ത തീയതി - |
|---|---|---|---|---|---|
| 1 | തെക്കേ തൈവെളി റോഡ് കോൺക്രീറ്റ് | ശ്യാംകുമാർ | 417611 | 4176 | 11-01-21 |
| 2 | അമ്പാടി തൈക്കൽ ടൈൽ റോഡ് നിർമ്മാണം | സെക്രട്ടറി ആലപ്പുഴ ജില്ലാ ലേബർ കോൺട്രാക്ട് സൊസൈറ്റി | 320294 | @2% 6406 | 19-08-20 |
| 3 | കുന്നപറമ്പ് ടൈൽ റോഡ് നിർമ്മാണം | അനസ് നൈന | 290498 | 2905 | 16-05-20 |
| 4 | മീനപ്പള്ളി ടൈൽ റോഡ് നിർമ്മാണം | അനസ് നൈന | 149783 | 1498 | 04-08-20 |
| 5 | വെള്ളാണി മഠം ടൈൽ റോഡ് നിർമ്മാണം | സെക്രട്ടറി ആലപ്പുഴ ജില്ലാ ലേബർ കോൺട്രാക്ട് സൊസൈറ്റി | 213754 | @2% 4275 | 30-09-20 |

| | | | | | |
|---|---|---|---|---|---|
| 6 | ഒറ്റപ്പറമ്പ് ടൈൽ റോഡ് നിർമ്മാണം | സിയാദ് മേത്തർ | 68163 | 682 | 20-02-21 |
| 7 | പറേക്കാട് ടൈൽ റോഡ് നിർമ്മാണം | ഷൗക്കത്തലി | 173841 | 1738 | 10-10-20 |
| 8 | കണ്ണമ്പള്ളി ടൈൽ റോഡ് നിർമ്മാണം | സിയാദ് മേത്തർ | 237627 | 2376 | 03-03-21 |
| 9 | നികർത്തിൽ മൂര്യംവെളിടൈൽ റോഡ് നിർമ്മാണം | ഷാഹുൽ ഹമീദ് | 163654 | 1637 | 07-03-21 |
| 10 | കുറ്റിച്ചിറടൈൽ റോഡ് നിർമ്മാണം | സെക്രട്ടറി ആലപ്പുഴ ജില്ലാ ലേബർ കോൺട്രാക്റ്റ് സൊസൈറ്റി | 226891 | @2% 4538 | 28-02-21 |
| 11 | സനൽ കുമാർ മെമ്മോറിയൽ ടൈൽ റോഡ് നിർമ്മാണം | അനസ് നൈന | 137550 | 1375 | 03-11-20 |
| 12 | തരംഗം കോൺക്രീറ്റ് റോഡ് | ഷൗക്കത്തലി | 218145 | 2181 | 28-03-21 |
| 13 | പ്രിയൻ വെട്ടുക്കടവ് പാലം കോൺക്രീറ്റ് റോഡ് | ശ്യാംകുമാർ | 45704 | 457 | 11-08-20 |
| 14 | ശ്രീപദം പടിപുരയ്ക്കൽ ഗുരുപാദം ടൈൽ റോഡ് | സെക്രട്ടറി ആലപ്പുഴ ജില്ലാ ലേബർ കോൺട്രാക്റ്റ് സൊസൈറ്റി | 225762 | @2% 4514 | 18-03-21 |
| 15 | ളുശത്ത് വെളി ടൈൽ റോഡ് | സെക്രട്ടറി ആലപ്പുഴ ജില്ലാ ലേബർ കോൺട്രാക്റ്റ് സൊസൈറ്റി | 68748 | @2% 1374 | 07-04-21 |
| 16 | തൈപ്പറമ്പ് കോൺക്രീറ്റ് റോഡ് | ഷൗക്കത്ത് | 98041 | 980 | 21-04-21 |
| 17 | പള്ളത്ത് ടൈൽ റോഡ് | സെക്രട്ടറി ആലപ്പുഴ ജില്ലാ ലേബർ കോൺട്രാക്റ്റ് സൊസൈറ്റി | 443134 | @2% 8862 | 28-09-20 |
| 18 | ആശാൻ മെമ്മോറിയൽ ടൈൽ റോഡ് | മൗലാനാ അബ്ദുൾകലാം ആസാദ് | 175382 | 1754 | 06-02-21 |
| 19 | പുളിച്ചുവട്ടിൽ ടൈൽ റോഡ് | മൗലാനാ അബ്ദുൾകലാം ആസാദ് | 379326 | 3793 | 11-02-21 |
| 20 | MS കളങ്ങര ടൈൽ റോഡ് | മൗലാനാ അബ്ദുൾകലാം ആസാദ് | 56265 | 563 | |
| 21 | നികർത്തിൽ ടൈൽ റോഡ് | മൗലാനാ അബ്ദുൾകലാം ആസാദ് | 230457 | 2305 | 17-03-21 |
| 22 | വലിയ കോവിലകം | മൗലാനാ | 134415 | 1344 | 27-03-21 |

| | | | | | |
|---|---|---|---|---|---|
| | ടൈൽ റോഡ് | അബ്ദുൾകലാം ആസാദ് | | | |
| 23 | റൂറൽ ബണ്ട് കുറ്റിക്കൽ ടൈൽ റോഡ് | പ്രദീപ് .വി | 412042 | 4120 | 19-03-21 |
| 24 | ESI ടൈൽ റോഡ് | പീറ്റർ സി. എ | 373525 | 3735 | 04-08-20 |
| 25 | മുനിസിപ്പൽ റെയിൽവേ ട്രാക്ക് ടൈൽ റോഡ് | അനസ് നൈന | 250627 | 2506 | 10-08-20 |
| 26 | ലവ് സ്ട്രീറ്റ് ടൈൽ റോഡ് | പീറ്റർ . സി. എ | 115774 | 1157 | 11-08-20 |
| 27 | ആദർശ് മിത്രം ടൈൽ റോഡ് | പീറ്റർ . സി. എ | 448440 | 4484 | 23-03-21 |
| 28 | ജോസഫ് ജംഗ്ഷൻ കോൺക്രീറ്റ് റോഡ് | പീറ്റർ സി. എ | 182220 | 1822 | 30-12-20 |
| 29 | മഹാ വിഷ്ണു ക്ഷേത്രം കോൺക്രീറ്റ് റോഡ് നിർമ്മാണം | പീറ്റർ സി. എ | 298095 | 2981 | 17-02-21 |
| 30 | പാരച്ചൂട്ട് ലൈൻ കോൺക്രീറ്റ് റോഡ് നിർമ്മാണം | പീറ്റർ സി. എ | 331838 | 3318 | 03-03-21 |
| 31 | വികസനം നടപ്പാത കോൺക്രീറ്റ് റോഡ് | പീറ്റർ .സി.എ | 212640 | 2126 | 11-02-20 |
| 32 | കോമച്ചാംവേലി കോൺക്രീറ്റ് റോഡ് | പീറ്റർ സി. എ | 164237 | 1632 | 27-10-20 |
| 33 | പൂങ്കാവ് കൊല്ലാറ ടൈൽ റോഡ് | അനസ് നൈന | 102547 | 1025 | 31-03-21 |
| 34 | മിത്രം ടൈൽ റോഡ് | പീറ്റർ സി. എ | 420565 | 4205 | 31-03-21 |
| 35 | ജാതിക്കാപറമ്പ് കോൺക്രീറ്റ് റോഡ് | പീറ്റർ സി.എ | 277712 | 2777 | 27-10-20 |
| 36 | പത്തു തൈയ്യിൽ കോൺക്രീറ്റ് റോഡ് | പീറ്റർ സി.എ | 398226 | 3982 | 17-02-21 |
| | ആകെ | | | 99603 | |
| | മുൻ വർഷം | | | | |
| 38 | ശങ്കരശ്ശേരി കന്നിട്ട ടൈൽ റോഡ് | ഷൗക്കത്തലി | 149842 | 1498 | 17-02-20 |
| 39 | ഗ്യാലക്സി ചക്കാലയിൽ ടൈൽ റോഡ് | സെക്രട്ടറി ആലപ്പുഴ ജില്ലാ ലേബർ കോൺട്രാക്ട് സൊസൈറ്റി | 115536 | @2 %2310 | 05-03-20 |
| 40 | കണിയാം വെളി ടൈൽ റോഡ് | പ്രദീപ് വി | 190975 | 1910 | 17-03-20 |
| 41 | കലാഭവൻ ടൈൽ റോഡ് | പ്രദീപ് വി | 352832 | 3528 | 28-02-20 |
| 42 | NH66 – വടയാറ്റുശ്ശേരി ടൈൽ റോഡ് | പ്രദീപ് വി | 378911 | 3789 | 02-03-20 |
| 43 | കുന്നങ്കൽ II ടൈൽ റോഡ് | ഷൗക്കത്തലി | 83687 | 837 | 29-02-20 |
| 44 | ലൂഥറൻ ഹൈസ്കൂൾ ടൈൽ റോഡ് | ഷൗക്കത്തലി | 315886 | 3159 | 24-02-20 |
| 45 | RO Plant ടൈൽ റോഡ് | സിയാദ് മേത്തർ | 431607 | 4316 | 12-03-20 |
| 46 | തുമ്പോളി ചർച്ച് ടൈൽ | സിയാദ് മേത്തർ | 241611 | 2416 | 27-02-20 |

| | | | | | |
|---|---|---|---|---|---|
| | റോഡ് | | | | |
| 47 | നികർത്തിൽ വെളിയിൽ ടൈൽ റോഡ് | അശ്വിൻ രാജ് | 241462 | 2415 | 03-03-20 |
| 48 | പാടത്ത് പത്തേൽ ടൈൽ റോഡ് | അനസ് നൈന | 307337 | 3073 | 31-01-20 |
| 49 | ആരാധന ചക്കനാട്ട് ചിറ ടൈൽ റോഡ് | ഷാഹുൽ ഹമീദ് | 127267 | 1272 | 14-03-20 |
| 50 | ദേശാഭിമാനി റോഡ് മെറ്റലിംഗ് | അനസ് നൈന | 246740 | 2467 | 30-12-19 |
| 51 | കുറ്റിപ്പുറം പുളിക്കൽ IIടൈൽ റോഡ് | ഷാഹുൽ ഹമീദ് | 317345 | 3173 | 14-03-20 |
| 52 | കുറ്റിപ്പുറം പുളിക്കൽ ടൈൽ റോഡ് | ഷാഹുൽ ഹമീദ് | 328520 | 3285 | 11-03-20 |
| 53 | അനിരുദ്ധൻ മെമ്മോറിയൽ ടൈൽ റോഡ് | അനസ് നൈന | 299804 | 2998 | 24-02-20 |
| 54 | അംഗൻവാടി റീച്ച് 2 ടൈൽ റോഡ് | സിയാദ് മേത്തർ | 425292 | 4253 | 05-03-20 |
| 55 | വിഷൻ 20-20ടൈൽ റോഡ് | അനസ് നൈന | 361883 | 3619 | 31-03-20 |
| 56 | നികർത്തിൽ മൂര്യം വെളി ടൈൽ റോഡ് | ഷാഹുൽ ഹമീദ് | 77485 | 775 | 12-03-20 |
| 57 | മൂര്യംവെളി പള്ളി ടൈൽ റോഡ് | ഷാഹുൽ ഹമീദ് | 154627 | 1546 | 29-02-20 |
| 58 | ചിറ്റേവെളി തൈവെളി ടൈൽ റോഡ് | ഷൗക്കത്തലി | 147537 | 1475 | 14-02-20 |
| 59 | ഏഞ്ചൽ ടൈൽ റോഡ് | സിയാദ് മേത്തർ | 359718 | 3597 | 31-01-20 |
| 60 | പഷ്ണമ്പലം ടൈൽ റോഡ് | അശ്വിൻ രാജ് | 171654 | 1717 | 27-11-19 |
| 61 | ഗ്യാലക്സി ടൈൽ റോഡ് | സെക്രട്ടറി,ആലപ്പുഴ ജില്ലാ ലേബർ കോൺട്രാക്ട് സൊസൈറ്റി | 115595 | @2% 2312 | 05-03-20 |
| 62 | കുന്നങ്കൽ I ടൈൽ റോഡ് നിർമ്മാണം | ഷൗക്കത്തലി | 79382 | 794 | 29-02-20 |
| 63 | കുന്നങ്കൽ II ടൈൽ റോഡ് നിർമ്മാണം | ഷൗക്കത്തലി | 83687 | 837 | 28-02-20 |
| 64 | കാരിക്കുഴി ഫാം ടൈൽ റോഡ് | അശ്വിൻ രാജ് | 433368 | 4334 | 28-12-19 |
| 65 | കുട്ടമ്മൽ ടൈൽ റോഡ് | അശ്വിൻ രാജ് | 260239 | 2602 | 28-`12-19 |
| 66 | പടിഞ്ഞാറെവെളിടൈൽ റോഡ് | അശ്വിൻ രാജ് | 86269 | 863 | 17-02-20 |
| 67 | കൊല്ലാർ കുളങ്ങരടൈൽ റോഡ് | അശ്വിൻ രാജ് | 247498 | 2475 | 28-12-19 |
| 68 | ജനനി ടൈൽ റോഡ് | സിയാദ് മേത്തർ | 220222 | 2202 | 31-01-20 |
| 69 | യൂണിവേഴ്സൽടൈൽ റോഡ് | സിയാദ് മേത്തർ | 165848 | 1658 | 07-03-20 |
| 70 | വടക്കാലശേരി കിഴക്കേപ്പറമ്പ് ടൈൽ റോഡ് | അനസ് നൈന | 225408 | 2254 | 31-12-19 |
| | ആകെ | | | 80059 | |

ടി തുക കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്.ഇത് സംബന്ധിച്ച് നൽകിയ 24/28 -06-22 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് പുതിയ പ്രവൃത്തികൾ ആരംഭിക്കുമ്പോൾ ആദായനികുതി ഈടാക്കുന്നതാണ് എന്നാണ് അറിയിച്ചിട്ടുള്ളത്. മറുപടി തൃപ്തികരമല്ല. നിയമാനുസൃതം ഈടാക്കേണ്ടിയിരുന്ന നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-23 ടൈൽ റോഡ് നിർമ്മാണം - അധികമായി അനുവദിച്ച ടൈലിന്റെ വില 1771 /-

അമ്പാടി തടിയ്ക്കൽ ടൈൽ റോഡ് നിർമ്മാണം എന്ന പ്രവൃത്തിയിൽ ക്വാറിമക്ക് ഫില്ലിംഗും ഗ്രഡ് എർത്ത് ഇട്ട് ഉയർത്തിയിരിക്കുന്നതും 195.97 M2 വിസ്തീർണത്തിലാണ്. എന്നാൽ ടൈൽ വിരിച്ചിരിക്കുന്ന അളവ് 197.715 M2 എന്ന് രേഖപ്പെടുത്തി @1015/m2 നിരക്കിൽ ടൈലിന്റെ വില അനുവദിച്ചിരിക്കുന്നു. അധികമായി അനുവദിച്ച 1.745 M2 (197.715 -195.97 ) ടൈലിന്റെ വില 1771 (1.745 M2 @1015) കരാറുകാരായ സെക്രട്ടറി,ആലപ്പുഴ ജില്ലാ ലേബർ കോൺട്രാക്ട് സൊസൈറ്റി യിൽ നിന്നും ഈടാക്കണ്ടതാണ്. (ഫണ്ട് കൈമാറ്റം ചെയ്ത തീയതി -19-08-20 ).ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 25/28-06-22 ) മറുപടി 1.745m2 ഉയർന്ന സ്ഥലത്ത് ഇട്ടതായി ബോധ്യപ്പെടുത്തുന്നു എന്നാണ്. ഈ മറുപടി തൃപ്തികരമല്ല. ക്വാറിമക്കും ഗ്രാവലും ഇട്ട് ഉയർത്തിയ ഭാഗത്തിന്റെ ശരാശരി വീതി കണക്കാക്കി ടൈൽ വിരിച്ചതിന്റെ അളവ് രേഖപ്പെടുത്തിയതാണ് അധികം നൽകാനിടയാക്കിയത്. അതിനാൽ തുക ഈടാക്കേണ്ടതാണ്.

## 1-24 GST ശ്രോതസിൽ നിന്നും ഈടാക്കിയതിന് രേഖ ഹാജരാക്കിയില്ല

തൊഴിലുറപ്പപദ്ധതിയിൽപ്പെടുത്തി ചെയ്ത റോഡ് നിർമ്മാണ പ്രവൃത്തികൾക്ക് സാധന സാമഗ്രികൾ സപ്ളൈ ചെയ്ത കരാറുകാർക്ക് തുക അനുവദിച്ചപ്പോൾ നിയമാനുസൃതം ഈടാക്കേണ്ട CGST Act 2017ലെ വകുപ്പ് 51 (1) , SGST Act 2017ലെ വകുപ്പ് 51(1)എന്നിവ അനുസരിച്ച് 2.50 ലക്ഷത്തിൽ അധീകരിക്കുന്ന കരാറുകാരുടെ ബില്ലുകളിൽ നിന്നും സ്രോതസ്സിൽ നിന്നും 2% തുക GST ഇനത്തിൽ കുറവു ചെയ്യേണ്ടതാണ്. തൊഴിലുറപ്പ് പദ്ധതിയുടെ എല്ലാ സാമ്പത്തിക ഇടപാടുകളും എം. ഐ. എസ് മുഖേനയാണ് നടത്തുന്നത്. ചരക്കു സേവന നികുതി ഈടാക്കുന്നതിനുള്ള സൗകര്യം എം. ഐ.എസ് ൽ ലഭ്യമല്ലാത്തതു കാരണം വെണ്ടർ /സപ്ളയർ ഗ്രാമപഞ്ചായത്തിൽ നേരിട്ട് ഒടുക്കുമെന്ന് ഉറപ്പാക്കി ബിൽ സെറ്റിൽ ചെയ്യുകയാണ് വേണ്ടിയിരുന്നത്. കുറവുചെയ്യേണ്ട തുക കണക്കാക്കിയിട്ടുണ്ടെങ്കിലും തുക ഗ്രാമ പഞ്ചായത്തിൽ ഒടുക്കിയതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയതിന്റെ പകർപ്പ് ഫയലിൽ സൂക്ഷിക്കേണ്ടതും പരിശോധനയ്ക്ക് ഹാജരാക്കണ്ടതുമാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 24/28 -06-22 ) സപ്ലയർമാർ നികുതി ഒടുക്കിയിട്ടുണ്ടെന്നാണ് വാക്കാൽ മറുപടി നൽകിയിട്ടുള്ളത്.

## 1-25 സ്റ്റാക്ക് അളവ് , പ്രവൃത്തി ,എന്നിവ അളവു പുസ്തകത്തിൽ രേഖപ്പെടുത്താതെ കരാറുകാരന് തുക അനുവദിച്ചു

തൊഴിലുറപ്പ് പദ്ധതിയിൽ ചെയ്ത ഇ.എസ്.ഐ. ടൈൽ റോഡ് നിർമ്മാണം എന്ന പ്രവൃത്തിയിൽ സാധനങ്ങൾ നൽകിയിരിക്കുന്നത് ശ്രീ. സി. എ.പീറ്ററാണ്. റോഡ് ഉയർത്തുന്നതിന് ഗ്രഡ് എർത്ത് സ്റ്റാക്ക് ചെയ്തതിന്റെ അളവ് ,ഫില്ലിംഗ് നടത്തിയ അളവ് എന്നിവ അളവു പുസ്തകത്തിൽ രേഖപ്പെടുത്താതെ ഫൈനൽ ബില്ലിൽ 50.82 M3 എന്നത് 46.20 M3 ൽ ക്ലിപ്തപ്പെടുത്തി കരാറുകാരന് തുക അനുവദിച്ചിട്ടുണ്ട്. 50.82 M3 ഗ്രഡ് എർത്ത് സപ്ലൈ ചെയ്തതിന് കരാറുകാരൻ വാങ്ങിയ ബില്ലോ ഫയലിൽ സൂക്ഷിച്ചിട്ടില്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം ) മറുപടി നൽകിയിട്ടില്ല. അതിനാൽ ഗ്രഡ് എർത്തിന്റെ വിലയിനത്തിൽ അനുവദിച്ച 46200/- (46.20m3 @1000) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഫണ്ട് കൈമാറ്റം ചെയ്ത തീയതി -04-08-20 ) ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 25/28-06-22 ) സൈറ്റിൽ ഗ്രഡ് എർത്ത് സ്റ്റാക്ക് ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് 50.82m3 എന്ന് കാണിച്ചിരിക്കുന്നതെന്നാണ് മറുപടി നൽകിയിട്ടുള്ളത്. മറുപടിയിൽ സൈറ്റിൽ സ്റ്റാക്ക് ചെയ്തിരുന്നുവെന്ന് പറയുന്നുണ്ടെങ്കിലും ആയതിന്റെ അളവോ ഇത് ഉപയോഗിച്ച് ഫില്ല് ചെയ്തതിന്റെ അളവോ രേഖപ്പെടുത്തിയിട്ടില്ല.

## 1-26 മാർക്കറ്റ് നിരക്കിൽ ക്ലിപ്തപ്പെടുത്താതെ സാധനവില അനുവദിച്ചു

തൊഴിലുറപ്പ് പദ്ധതിയിൽ ചെയ്ത കുറ്റിപ്പുറം പുളിക്കൽ IIടൈൽ റോഡ് നിർമ്മാണപ്രവൃത്തിയിൽ സാധനങ്ങൾ നൽകിയിരിക്കുന്നത് ശ്രീ. ഷാഹുൽ ഹമീദാണ്.കരാറുകാരൻ ഹാജരാക്കിയ ബിൽ പ്രകാരം 204 M2, 80mm പേവർ ബ്ലോക്ക് വാങ്ങിയിരിക്കുന്നത് 1015/m2 നിരക്കിലാണ് . എന്നാൽ കരാറുകാരന് എസ്റ്റിമേറ്റിലെ 1050/m2 എന്ന നിരക്കിലാണ് തുക അനുവദിച്ചിരിക്കുന്നത്. മാർക്കറ്റ് നിരക്കിനേക്കാളും ഉയർന്ന നിരക്ക് അനുവദിച്ചിരിക്കുന്നത് അധികച്ചെലവിനിടയാക്കി. വിശദാംശം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| അനുവദിച്ചത് | 204 M2 @1050 = 214200/- |
| മാർക്കറ്റ് നിരക്ക് | 204 M2 @1015 (GST ഉൾപ്പെടെ) = 207060/- |
| അധികം | 7140/- |

അധികച്ചെലവ് ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 25/28-06-22 ) അധികം നൽകിയ തുക തിരികെ ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുള്ളത്.

## 1-27 റോഡ് കോൺക്രീറ്റ് പ്രവൃത്തികൾക്ക് ആവശ്യമായ സാധനങ്ങളുടെ സ്റ്റാക്ക് അളവ് രേഖപ്പെടുത്താതെ തുക അനുവദിച്ചു.

റോഡ് കോൺക്രീറ്റ് പ്രവൃത്തികൾക്ക് ആവശ്യമായ സാധനങ്ങൾ സപ്ലൈ ചെയ്തപ്പോൾ കോൺക്രീറ്റിംഗിനാവശ്യമായ സാധനങ്ങൾ 40mm ,20mm,10mm സ്റ്റോൺ അഗ്രിഗേറ്റ്, സാന്റ് , സിമന്റ്എന്നിവയുടെ സ്റ്റാക്ക് അളവ് രേഖപ്പെടുത്താതെയും കരാറുകാരൻ സാധനങ്ങൾ വാങ്ങിയ ബില്ലുകൾ ഹാജരാക്കാതെയുമാണ് തുക അനുവദിച്ചിരിക്കുന്നത് . ഏതാനും പ്രവൃത്തികളുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് |
|---|---|
| 1 | ജോസഫ് ജംഗ്ഷൻ കോൺക്രീറ്റ് റോഡ് നിർമ്മാണം. |
| 2 | മഹാ വിഷ്ണു ക്ഷേത്രം കോൺക്രീറ്റ് റോഡ് നിർമ്മാണം |
| 3 | പാറച്ചൂട്ട് ലൈൻ കോൺക്രീറ്റ് റോഡ് നിർമ്മാണം |
| 4 | വികസനം നടപ്പാത കോൺക്രീറ്റ് റോഡ് നിർമ്മാണം |
| 5 | കോമച്ചാംവേലികോൺക്രീറ്റ് റോഡ് നിർമ്മാണം |
| 6 | പൂങ്കാവ് കൊല്ലാറ കോൺക്രീറ്റ് റോഡ് നിർമ്മാണം |

വാങ്ങുന്ന സാധനങ്ങളുടെ സ്റ്റാക്ക് അളവ്, അളവുപുസ്തകത്തിൽ രേഖപ്പെടുത്തി നിയമാനുസൃത കിഴിവുകൾ വരുത്തി തുക അനുവദിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 25/28-06-22 ) മറുപടി നൽകിയില്ല.

## 1-28 വോയിഡ്സിനത്തിൽ7.5% കുറവ് ചെയ്യാതെ തുക അനുവദിച്ചു

തൊഴിലുറപ്പ് പദ്ധതിയിൽ ഗ്രാമപഞ്ചായത്തിൽ ചെയ്ത തരംഗം കോൺക്രീറ്റ് റോഡ് നിർമ്മാണം എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് CPWD സ്പെസിഫിക്കേഷനിലാണ്. CPWD സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ള പ്രവൃത്തികളിൽ കോൺക്രീറ്റിംഗിനുള്ള40mm സ്റ്റോൺ അഗ്രിഗേറ്റ് എന്നിവയുടെ സ്റ്റാക്ക് ചെയ്ത അളവിന് തുക അനുവദിക്കുമ്പോൾ വോയിഡ്സിനത്തിൽ7.5% കുറവ് ചെയ്ത ശേഷമാണ് തുക അനുവദിക്കേണ്ടിയിരുന്നത്. മേൽ പ്രവൃത്തിയിൽ ഇപ്രകാരം ചെയ്യാതിരുന്നത് അധികച്ചെലവിനിടയാക്കി.

| | |
|---|---|
| 40 Mm സ്റ്റാക്ക് ചെയ്ത അളവ് | 10.14 M3 |
| വോയിഡ്സിനത്തിൽ7.5% കുറവ് ചെയ്യേണ്ടത് | 0.760 M3 |
| അനുവദിക്കേണ്ട അളവ് | 9.38 M3 |
| അനുവദിച്ചത് | 9.945 M3 @ 2250 = 22376/- |
| അധികം | 0.565 M3 @ 2250 = 1271 |

അധികം നൽകിയ തുക സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാരനായ ശ്രീ. ഷൗക്കത്തലിയിൽ നിന്നും ഈടാക്കേണ്ടതാണ്. (ഫണ്ട് കൈമാറ്റം ചെയ്ത തീയതി -28-03-21 ).ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 25/28-06-22 ) മറുപടി നൽകിയില്ല.

## 1-29 തൊഴിലുറപ്പ് പദ്ധതി -മസ്റ്റർ റോളിലെ അപാകതകൾ

താഴെപ്പറയുന്ന പ്രവൃത്തികളുടെ മസ്റ്റർ റോൾ പരിശോധിച്ചതിൽ തഴെപ്പറയും വിധം അപാകതകൾ സംഭവിച്ചിട്ടുള്ളതായി കാണുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു.

| പ്രവൃത്തി | മസ്റ്റർ റോൾ നമ്പർ | അപാകത |
|---|---|---|
| പറേക്കാട് ടൈൽ റോഡ് | 4794 | വിദഗ്ധ തൊഴിലാളി പ്രകാശൻ 5 ദിവസത്തെ ഹാജർ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും 2 എണ്ണം റദ്ദ് ചെയ്ത് 3 ദിവസത്തെ വേതനം നൽകിയിരിക്കുന്നു.<br>റഫീക്ക് 5 ദിവസത്തെ ഹാജർ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും 3എണ്ണം റദ്ദ് ചെയ്ത് 2 ദിവസത്തെ വേതനം നൽകിയിരിക്കുന്നു. |
| | 4795 | ബിനോയ് ,രാജു എന്നിവർ 5 ദിവസത്തെ ഹാജർ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും 2 എണ്ണം ആബ്സന്റ് മാർക്ക് ചെയ്ത് 3 ദിവസത്തെ വേതനം നൽകിയിരിക്കുന്നു. |
| കണ്ണമ്പള്ളി ടൈൽ റോഡ് | 13564 | ശാരി (KL-11-002-001-007/117B) ആബ്സന്റിന് പുറമേ ഹാജർ രേകപ്പെടുത്തിയിരിക്കുന്നു. വേതനം നൽകിയില്ല |
| ഒറ്റപ്പറമ്പ് ടൈൽ റോഡ് നിർമ്മാണം | 13290 | വിദഗ്ധ തൊഴിലാളി സജീർ എന്ന് പേര് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഹാജർ രേഖപ്പെടുത്താതെ 2 ദിവസത്തെ വേതനം @850 നിരക്കിൽ അനുവദിച്ചു |
| ആർ .ഒ പ്ലാന്റ് ടൈൽ റോഡ് നിർമ്മാണം | 24290 | മേരി ലവ് ലി 24-02-20 ൽ മാത്രമേ ഹാജർ രേഖപ്പെടുത്തിയിട്ടുള്ളു. എന്നാൽ 6 ദിവസത്തെ വേതനം @850 നിരക്കിൽ 5100/- രൂപ അനുവദിച്ചു. |
| | 24302 | സമീർ ,24-02-20 ൽ മാത്രമേ ഹാജർ രേഖപ്പെടുത്തിയിട്ടുള്ളു. എന്നാൽ 6 ദിവസത്തെ വേതനം @950 നിരക്കിൽ 5700/- രൂപ അനുവദിച്ചു. |

| | | |
|---|---|---|
| | 25659 | ഹാജറിന് ഒപ്പ് രേഖപ്പെടുത്താതെ ഡോട്ട് രേഖപ്പെടുത്തി രണ്ടു പേർക്ക് @950 നിരക്കിൽ 1900/- രൂപ അനുവദിച്ചു. |
| | 25660 | ഹാജറിന് ഒപ്പ് രേഖപ്പെടുത്താതെ ഡോട്ട് രേഖപ്പെടുത്തി രണ്ടു പേർക്ക് @850 നിരക്കിൽ 1700/- രൂപ അനുവദിച്ചു. |

ഫയൽ പരിശോധിച്ച് അനർഹമായി വേതനം നൽകിയിട്ടുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കേണ്ടതാണ്.

ഇത് സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 25/28-06-22 ) എസ്റ്റിമേറ്റിൽ ക്ലിപ്തപ്പെടുത്തി വേതനം നൽകിയതിനാലും കോവിഡ് സാഹചര്യമായതിനാൽ മസ്റ്റർ റോളിൽ ഹാജർ രേഖപ്പെടുത്താതെ തുക അനുവദിച്ചതുമാണ് എന്നാണ് മറുപടി നൽകിയിട്ടുള്ളത്.

## 1-30 നിർദ്ദിഷ്ട സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന് ഫൈൻ ഈടാക്കിയതിൽ കുറവ്

കൃഷിഭവൻ മെയിന്റനൻസ് പ്രവത്തികൾ നിർദ്ദിഷ്ട സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന് ഫൈൻ ഈടാക്കിയിട്ടുണ്ട്. എന്നാൽ ഫൈൻ ഈടാക്കിയിരിക്കുന്നത് പാർട്ട് & ഫൈനൽ ബിൽ പ്രകരമുള്ള തുകയ്ക്കാണ്. കരാർ തുകയെ ( PAC) അടിസ്ഥാനമാക്കിയാണ് ഫൈൻ ഈടാക്കേണ്ടിയിരുന്നത്. ഇപ്രകാരം ചെയ്യാതിരുന്നതിനാൽ ഫൈൻ ഇനത്തിൽ കുറവു സംഭവിച്ചു. വിശദവിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രവൃത്തി | കൃഷിഭവൻ മെയിന്റനൻസ് |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| കരാറുകാരൻ | സെക്രട്ടറി ,ആലപ്പുഴ ജില്ലാ ലേബർ കോൺട്രാക്ട് സൊസൈറ്റി ലി നം A1212 |
| അളവു പുസ്തകം | 11/16 |
| ചെലവു വിവരം | ബിൽ നമ്പർ03/18-04-20 രൂപ108200/<br>ഉത്തരവ് നമ്പർ 354/27-03-22 രൂപ82936/- |
| കരാർ തീയതി | 30-07-18 |
| സൈറ്റ് കൈമാറ്റം ചെയ്ത തീയതി | 04-08-18 |
| കരാർ പ്രകാരം പൂർത്തിയാക്കേണ്ട തീയതി | 03-02-19 |
| പൂർത്തീകരിച്ച തീയതി | 27-12-21 |
| പ്രളയം മൂലം അനുവദിച്ച ഗ്രേസ് പിരീഡ് 45days | 18-03-19 ഫൈൻ -ഇല്ല |
| ഒന്നാമത്തെ കാലാവധി ദീർഘിപ്പിക്കൽ | 03-5-19 ഫൈൻ - 1% |
| രണ്ടാമത്തെ കാലാവധി ദീർഘിപ്പിക്കൽ | 18-06-19 ഫൈൻ -2% |
| ലിക്വഡേറ്റഡ് ഡാമേജ് 0.1% /ആഴ്ച | 19-06-19 മുതൽ 27-12-21 വരെ<br>120ആഴ്ച (30 മാസം) 0.1% - 12% |
| കരാർ തുക | 299960 |
| ഈടാക്കേണ്ട ഫൈൻ @15% | 299960 X 15% =44994 |
| ഈടാക്കിയത് | 14331 |
| കുറവ് | 30663 |

കുറവു വന്ന തുക 30663/- കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്.അല്ലാത്തപക്ഷം ഫൈനൽ ബിൽ നൽകിയ അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 8/25-06-22 ന് ഫൈനൽ ബിൽ നൽകിയത് അന്ന് ചാർജ്ജ് വഹിച്ചിരുന്ന അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ.അജിത് ആയിരുന്നതിനാൽ കൂടുതൽ വിവരം ലഭ്യമല്ല എന്നാണ് അറിയിച്ചിരിക്കുന്നത്.

## 1-31 വയോജനങ്ങൾക്ക് കട്ടിൽ വിതരണം-അനർഹരായവർക്ക് ആനുകൂല്യം നൽകി- 3440/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

*പ്രോജക്ട് നം.- 46/21 വയോജനങ്ങൾക്ക് കട്ടിൽ*

അടങ്കൽ- 550000/--വികസന ഫണ്ട്

ചെലവ്- 438394/--ബിൽ നം-9/20-21/,21/12/20,219197/-

ബിൽ നം-13/20-21/,17/03/21,219197/-

ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 വർഷം നടപ്പിലാക്കിയ വയോജനങ്ങൾക്ക് കട്ടിൽ വിതരണം എന്ന പദ്ധതി പ്രകാരം ആകെ 108 ഗുണഭോക്താക്കൾക്ക് സിഡ്കോയിൽ നിന്നും കട്ടിൽ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.ഗുണഭോക്താക്കൾ സമർപ്പിച്ചിട്ടുള്ള രേഖകൾ പരിശോധിച്ചതിൽ സബ്സിഡി മാർഗ്ഗരേഖ പ്രകാരം നിശ്ചയിച്ചിട്ടുള്ള

അർഹതാ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി താഴെ പറയുന്ന ഗുണഭോക്താവിന് ആനുകൂല്യം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് , വിലാസം. | പരാമർശം |
|---|---|
| മെഹർനിസ,കാട്ടുങ്കൽ വെളി | ആധാർ കാർഡ് പ്രകാരം ടി ഗുണഭോക്താവിന്റെ ജനന വർഷം 1964ആണ്.അതിൻ പ്രകാരം 03/21 ൽ ടിയാരിക്ക് 57വയസ്സ് മാത്രമെ പൂർത്തിയാകു. സബ്സിഡി മാർഗ്ഗരേഖ പ്രകാരം 60 വയസ്സ് കഴിഞ്ഞവർക്ക് മാത്രമെ ടി ആനുകൂല്യം നൽകാനാവൂ. |

*അപാകതകളിന്മേൽ വിശദീകരണംലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (22/28.6.22 ) മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ സബ്സിഡി മാർഗ്ഗ രേഖ പ്രകാരമുള്ള അടിസ്ഥാന മാനദണ്ഡമായ 60 വയസ്സ് തികയാത്ത ഗുണഭോക്താവിന് നൽകിയ കട്ടിലിന്റെ വിലയായ 3440/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.*

## 1-32 ഐ.കെ.എം. വിഹിതം അടവാക്കൽ-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

2020-21 സാമ്പത്തിക വർഷം വികസനഫണ്ടിൽ നിന്നും 102259/-രൂപ വകയിരുത്തി സെക്രട്ടറി നിർവ്വഹണം ചെയ്ത പ്രോജക്ട് ആണ് ഐ.കെ.എം. വിഹിതം അടവാക്കൽ(പ്രോജക്ട് നം - S0001/21).

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം, മാനേജരുടെ എസ്.ബി.ഐ.നന്തൻകോട് ബ്രാഞ്ചിലെ 57047023512 നം.അക്കൗണ്ടിലേക്ക് 102259/-രൂപ നൽകി.(ബിൽ നം.14/20-21/30.6.20). എന്നാൽ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.1/21.6.22)മറുപടി ലഭ്യമാക്കിയില്ല. ചെലവ് തുക 102259/-രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിൽ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-33 പ്രൊക്യൂർമെന്റ് കമ്മിറ്റി- പ്രവർത്തനം കാര്യക്ഷമമല്ല

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 08-11-2010ലെ ജി.ഒ (പി) നം 259/2010- നമ്പർ ഉത്തരവിലാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ ഉത്തരവ് പ്രകാരം സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള സമാഹരണ ചക്രത്തിൽ (Procurement Cycle) ആവശ്യം തിരിച്ചറിയൽ മുതൽ വിലയിരുത്തലും കരാർ അവസാനിപ്പിക്കലും വരെയായി 15 ഘട്ടങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ ഉത്തരവ് പ്രകാരം സെക്രട്ടറി / നിർവ്വഹണ ഉദ്യോഗസ്ഥൻ നേതൃത്വം നൽകുന്ന ഒരു വാങ്ങൽ ടീം രൂപീകരിക്കേണ്ടതും വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റെയും അന്തിമമാക്കുന്നതിന്റെയും പ്രധാന ചുമതല ടീം നിർവ്വഹിക്കേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.വാങ്ങൽ പദ്ധതിയുടെ പാരിസ്ഥിതിക , അപായ ഘടകങ്ങൾ പരിശോധിക്കൽ, വിതരണക്കാരേയും സേവനദാതാക്കളേയും തിരിച്ചറിയൽ ലഭ്യമാകുന്ന രേഖകളിൽ വ്യക്തത വരുത്തൽ, വിലയിരുത്തൽ തുടങ്ങികരാർ അവസാനിപ്പിക്കൽ വരെയുള്ള നടപടികൾ ഈ ടീമിൽ നിക്ഷിപ്തമാണ്. പ്രൊക്യൂർമെന്റ് ടീമിനെ നയിക്കുന്നതിനായി പ്രസിഡന്റ് ചെയർപേഴ്സണും, വൈസ് പ്രസിഡന്റ് ഡെപ്യൂട്ടി ചെയർപേഴ്സണും സെക്രട്ടറി കൺവീനറും, എല്ലാ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരും , നിർവ്വഹണ ഉദ്യോഗസ്ഥരും സോഷ്യൽ ഓഡിറ്റ് കമ്മിറ്റിയിലെ രണ്ടു പേരും ഉൾപ്പെടുന്ന ഒരു കമ്മിറ്റി രൂപീകരിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. രേഖകളുടെ വസ്തുതാപരമായ കൃത്യത സെക്രട്ടറിയോ, നിർവ്വഹണ ഉദ്യോഗസ്ഥനോ പരിശോധിച്ചതിന് ശേഷം പ്രൊക്യൂർമെന്റ് കമ്മിറ്റി മുൻപാകെ രേഖകൾ സമർപ്പിക്കേണ്ടതാണ്.

ആര്യാട് ഗ്രാമ പഞ്ചായത്തിന്റെ 2020-21 വർഷത്തെ പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്ട്സ് പരിശോധിച്ചതിൽ തൻ വർഷം 17.8.2020ൽ മാത്രമാണ് പ്രൊക്യൂർമെന്റ് കമ്മിറ്റി യോഗം ചേർന്നിട്ടുള്ളത്.7 പേർ പങ്കെടുത്ത യോഗത്തിൽ(പ്രസിഡന്റ്,വൈസ് പ്രസിഡന്റ്,സെക്രട്ടറി,2 സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻമാർ,ടെണ്ടർ സമർപ്പിച്ച 2 സ്ഥാപനങ്ങളിലെ പ്രതിനിധികൾ), തൻവർഷം ആസൂത്രണ സമിതി അംഗീകരിച്ച് സെക്രട്ടറി നിർവ്വഹണം ചെയ്ത, സ്ത്രീ സുരക്ഷ മാർഗ്ഗകിരണം പദ്ധതി-സോളാർലൈറ്റ് സ്ഥാപിക്കൽ(പ്രോജക്ട് നം.S0087/21) എന്ന പ്രോജക്ടിലെ വാങ്ങലുകൾ സംബന്ധിച്ച ടെണ്ടർ അംഗീകരിച്ച് 1 തീരുമാനം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 2020-21ൽ സെക്രട്ടറിയുടെ മറ്റ് പ്രോജക്ടുകളിൽ നിന്നുള്ള വാങ്ങലുകളുമായും, ബാക്കിയുള്ള നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ടുകളിലെ വാങ്ങലുകളുമായും ബന്ധപ്പെട്ട് കമ്മിറ്റി യോഗം ചേർന്നിട്ടില്ല. തൻവർഷം വിവിധ വാങ്ങലുകളിലേക്കായി വാങ്ങിയ ഉപകരണങ്ങളുടെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനായും കമ്മിറ്റി പിന്നീട് യോഗം ചേർന്നിട്ടില്ല.

2020-21 വർഷം പ്രൊക്യൂർമെന്റ് ടീം രൂപീകരിച്ചിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കുന്നതിനും, പ്രൊക്യൂർമെന്റ് കമ്മിറ്റി, പ്രൊക്യൂർമെന്റ് ടീം എന്നിവയുടെ രൂപീകരണവുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവിൽ നിർദ്ദേശിക്കുന്ന ഘടനയിൽ രൂപീകരിച്ചിട്ടില്ലെങ്കിൽ

ആയതിന്റെ കാരണവും ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2 തീയതി.21.6.22), മറുപടി ഹാജരാക്കിയില്ല. സർക്കാർ ഉത്തരവ് പാലിച്ച് കമ്മിറ്റി രൂപീകരിക്കുകയും, തുടർ നടപടിക്രമങ്ങൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

## 1-34 ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ-അപാകതകൾ

പ്രോജക്ട് നം - S 0100/21(സ്പിൽ ഓവർ)

പ്രോജക്ടിന്റെപേര് - വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

വകയിരുത്തൽ

ധനകാര്യകമ്മീഷൻ അവാർഡ് - 120000/-

ചെലവ്

ബിൽ നം.6/20-21/21.5.20 തുക.73984/-

ആര്യാട് ഗ്രാമ പഞ്ചായത്തിന്റെ 9,8,12,18 എന്നീ വാർഡുകളിലെ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ,കെ.എസ്.ഇ.ബി.ഇലക്ട്രിക്കൽ സെക്ഷൻ,പാതിരപ്പള്ളി തയ്യാറാക്കി നൽകിയ 73984/- രൂപയുടെ എസ്റ്റിമേറ്റ് (നം.DB/PPLY/No/107/2020/5.3.20) പ്രകാരം 73984/-രൂപ അസിസ്റ്റന്റ് എഞ്ചിനീയറുടെ 57035229381 നം.അക്കൗണ്ടിൽ നൽകി. എന്നാൽ പ്രവൃത്തിയുടെ പൂർത്തീകരണ സാക്ഷ്യപത്രം,മോണിറ്ററിംഗ് റിപ്പോർട്ട്,തുകയുടെ വിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/24.6.22),കെ. എസ്.സി.ബി.യിൽ നിന്നും സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി നൽകി. 73984/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-35 കന്നുകുട്ടിപരിപാലനപദ്ധതി-വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രോജക്ട് നം - S 0047/21

പ്രോജക്ടിന്റെപേര് - കന്നുകുട്ടിപരിപാലനപദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

വകയിരുത്തൽ

വികസനഫണ്ട് - 625000/-

ഗുണഭോക്തൃവിഹിതം(നേരിട്ട് ചെലവഴിക്കുന്നത്) - 625000/-

ആകെ അടങ്കൽ - 1250000/-

ചെലവ്

1)ബിൽ നം.4/20-21/28.3.21 തുക.325000/-

2)ബിൽ നം.5/20-21/28.3.21 തുക.300000/-

4 മുതൽ 6 മാസം വരെ പ്രായമുള്ള പശുകിടാവുകളെ ഇൻഷ്വർ ചെയ്ത് ആദ്യ പ്രസവം വരെയോ ഫണ്ട് തീരുന്നതുവരെയോ തീറ്റ നൽകുന്നതിനായി ലക്ഷ്യമിട്ട പ്രോജക്ട് മുഖാന്തിരം തുക കാഫ് ഫീഡ് അസിസ്റ്റന്റ് ഡയറക്ടർക്ക് ട്രാൻസ്ഫർ ചെയ്യുന്നു. മേൽ ബില്ലുകൾ പ്രകാരം 625000/-രൂപ കാഫ് ഫീഡ് അസിസ്റ്റന്റ് ഡയറക്ടറുടെ 706011400000019 നം.അക്കൗണ്ടിലേക്ക് നൽകി. എന്നാൽ ക്ഷീരകർഷകർക്ക് കാലിത്തീറ്റ വിതരണം ചെയ്തതിന്റെ രേഖകൾ, വിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.15/27.6.22)മറുപടി ലഭ്യമാക്കിയില്ല.ചെലവ് തുക 625000/-രൂപ തടസ്സപ്പെടുത്തുന്നു.രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-36 പാലിയേറ്റീവ് കെയർ 2020-21-ചെലവ് രേഖകൾ പൂർണ്ണമായും ഹാജരാക്കിയില്ല

പ്രോജക്ട് നം - S 0015/21

പ്രോജക്ടിന്റെപേര് - പാലിയേറ്റീവ് കെയർ 2020-21

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ(പി.എച്ച്.സി)

വകയിരുത്തൽ

വികസനഫണ്ട് - 650000/-

പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന കിടപ്പുരോഗികൾക്ക് സാന്ത്വന പരിചരണം നൽകുന്നതിനായി ലക്ഷ്യമിട്ട് 650000/- രൂപ അടങ്കൽ തുക വകയിരുത്തിയ പ്രോജക്ടിൽ നിന്ന് 477790/-രൂപ ചെലവഴിച്ചു. ആയതിൽ 44600/-രൂപയുടെ (ബിൽ നം.5/20-21 /8.6.20 തുക.44600/-)ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.16/27.6.22)മറുപടി ലഭ്യമാക്കിയില്ല.44600/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.ചെലവ് രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-37 സ്ട്രീറ്റ് ലൈൻ വലിക്കുന്നതിന് തുക അടവാക്കൽ- വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രോജക്റ്റ് നം - S 0105/21(സ്പിൽ ഓവർ)

പ്രോജക്റ്റിന്റെപേര് - സ്ട്രീറ്റ് ലൈൻ വലിക്കുന്നതിന് തുക അടവാക്കൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

വകയിരുത്തൽ

ധനകാര്യകമ്മീഷൻ അവാർഡ് - 401935/-

ചെലവ്

ബിൽ നം.7/20-21/21.5.20 തുക.401935/-

ആര്യാട് ഗ്രാമ പഞ്ചായത്തിന്റെ 18 വാർഡുകളിലെയും സ്ട്രീറ്റ് ലൈൻ വലിക്കുന്നതിന് 2018-19 സാമ്പത്തിക വർഷം അസിസ്റ്റന്റ് എഞ്ചിനീയർ,കെ.എസ്.ഇ.ബി.ഇലക്ട്രിക്കൽ സെക്ഷൻ,പാതിരപ്പള്ളി തയ്യാറാക്കി നൽകിയ 768082/-രൂപയുടെ എസ്റ്റിമേറ്റിന് എക്സിക്യൂട്ടിവ് എഞ്ചിനീയർ,ഇലക്ട്രിക്കൽ ഡിവിഷൻ, ചേർത്തലയുടെ ഭരണാനുമതി ലഭിച്ചിട്ടുള്ളതാണ്(ഡി.ബി/ഇല.ഡിവിഷൻ /ചേർത്തല/18-19/സ്ട്രീറ്റ് ലൈൻ/ഭരണാനുമതി-27/599/8.3.2019). 2020-21 ലും സ്പിൽ ഓവറായ മേൽ പ്രോജക്റ്റ് പ്രകാരം 401935/-രൂപ എക്സിക്യൂട്ടിവ് എഞ്ചിനീയർ,ഇലക്ട്രിക്കൽ ഡിവിഷൻ, ചേർത്തലയുടെ 57026414342 നം.അക്കൗണ്ടിൽ നൽകി. എന്നാൽ പ്രവൃത്തിയുടെ പൂർത്തീകരണ സാക്ഷ്യപത്രം,തുകയുടെ വിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 6/24.6.22),വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് കെ.എസ്.ഇ.ബി.ക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി നൽകി.401935/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-38 പി.എച്ച് സി.യിലേക്ക് മരുന്നു വാങ്ങൽ-അപാകതകൾ

പ്രോജക്റ്റ് നം - S 0150/21(സ്പിൽ ഓവർ)

പ്രോജക്റ്റിന്റെപേര് - പി.എച്ച് സി.യിലേക്ക് മരുന്നു വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ(പി.എച്ച്.സി)

വകയിരുത്തൽ

മെയിന്റനൻസ് ഫണ്ട് (റോഡിതരം) - 200000/-

ചെലവ്

ബിൽ നം.2/20-21/4.6.20 തുക.200000/-

മരുന്ന് വാങ്ങുന്നതിനായി 100000/-രൂപ KMSCL ന്റെ 3624001800000019 നം.അക്കൗണ്ടിലും 100000/-രൂപ KSDPയുടെ 305104000031666 നം.അക്കൗണ്ടിലും നൽകി. അപാകതകൾ ചുവടെ കൊടുക്കുന്നു.

പരിശോധനയ്ക്കായി ഹാജരാക്കിയ KMCSL നിന്നുള്ള മരുന്നുകളുടെ ഇൻവോയ്സ് വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ഇൻവോയ്സ് നം/തീയതി | എത്ര ഇനം മരുന്നുകൾ | തുക |
|---|---|---|---|
| 1 | 2073/13.5.22 | 4 | 27933 |
| 2 | 7994/26.10.21 | 1 | 4218 |
| 3 | 7338/14.10.21 | 3 | 24189 |
| 4 | 644/25.8.21 | 1 | 36926 |
| 5 | 44218 | 6 | 106734 |
| TOTAL | | | 200000 |

1)KMCSL ന് നൽകിയ തുക -100000/-.എന്നാൽ 200000/-രൂപയുടെ ഇൻവോയ്സ് ഹാജരാക്കി. മരുന്നുകൾ സ്റ്റോക്കിലെടുത്തതായി ഇൻവോയ്സുകളിൽ രേഖപ്പെടുത്തൽ ഉണ്ടെങ്കിലും മരുന്നുകൾ ഒന്നും തന്നെ സ്റ്റോക്കിൽ എടുത്തിട്ടില്ല. 100000/- രൂപ നൽകിയതിന് 200000/-രൂപയുടെ മരുന്ന് ലഭ്യമായതായി രേഖകൾ ഹാജരാക്കി.
2)KSDP യ്ക്ക് 100000/- രൂപ നൽകി. എന്നാൽ മരുന്നുകൾ ലഭ്യമായതിന്റെ രേഖകൾ ഇല്ല.

3) KMCSL,KSDP എന്നീ സ്ഥാപനങ്ങൾ തുക കൈപ്പറ്റിയതിന്റെ രസീത് ഇല്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.17/27.6.22)മറുപടി ലഭ്യമാക്കിയില്ല. ചെലവ് തുക 200000/-രൂപ തടസ്സപ്പെടുത്തുന്നു. അപാകതകൾ പരിഹരിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-39 പി.എച്ച്.സി.യിലെ ഉപകരണങ്ങളും ലാബ് റീ ഏജന്റും വാങ്ങൽ-അപാകതകൾ

പ്രോജക്റ്റ് നം - S 0072/21(സ്പിൽ ഓവർ)

പ്രോജക്റ്റിന്റെപേര് - പി.എച്ച്.സി.യിലെ ഉപകരണങ്ങളും ലാബ് റീ ഏജന്റും വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ(പി.എച്ച്.സി)

വകയിരുത്തൽ

മെയിന്റനൻസ് ഫണ്ട് (റോഡിതരം) - 100000/-

ചെലവ്

ബിൽ നം.3/20-21/4.6.20 തുക.55399/-

കേരള സ്റ്റേറ്റ് ഐ.ടി. മിഷന് 40469/-രൂപയും പൾസ് ഡയഗനോസ്റ്റിക്സ് & സർജിക്കൽസിന് 14930/- രൂപയും നൽകി. അപാകതകൾ ചുവടെ കൊടുക്കുന്നു.

1) ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2)കേരള സ്റ്റേറ്റ് ഐ.ടി. മിഷനിൽ നിന്നും പൾസ് ഡയഗനോസ്റ്റിക്സ് & സർജിക്കൽസിൽ നിന്നും സാധനങ്ങൾ ലഭ്യമായട്ടുണ്ടോ?

3) സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ രേഖയില്ല.രേഖകൾ ഹാജരാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/27.6.22) മറുപടി ലഭ്യമാക്കിയില്ല.ചെലവ് തുക 55399/-രൂപ തടസ്സപ്പെടുത്തുന്നു.ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-40 പി.എച്ച്.സി.യിലെ ഉപകരണങ്ങളും ലാബ് റീ ഏജന്റും വാങ്ങൽ-ക്വട്ടേഷൻ അംഗീകരിക്കാത്ത സ്ഥാപനത്തിൽ നിന്ന് സാധനങ്ങൾ വാങ്ങി

പ്രോജക്ട് നം - S 0019/21

പ്രോജക്ടിന്റെപേര് - പി.എച്ച്.സി.യിലെ ഉപകരണങ്ങളും ലാബ് റീ ഏജന്റും വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ(പി.എച്ച്.സി)

വകയിരുത്തൽ

മെയിന്റനൻസ് ഫണ്ട് (റോഡിതരം) - 100000/-

ചെലവ്

ബിൽ നം. 6/20-21/24.8.20 തുക.4930/-

ബിൽ നം.15 /20-21/23.3.21 തുക.56098/-

സാധാരണക്കാരായ ജനങ്ങൾക്ക് കുറഞ്ഞ ചെലവിൽ ലബോറട്ടറി പരിശോധന ലഭ്യമാക്കുകയാണ് അംഗീകരിച്ച പ്രോജക്ടിന്റെ ലക്ഷ്യം. ലാബ് ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കെയർ സർജിക്കൽസ്& ഡയഗ്നോസ്റ്റിക്സ്,ആലപ്പുഴയുടെ ക്വട്ടേഷൻ അംഗീകരിച്ചു. കെയറിൽ നിന്നും 56098/-രൂപയ്ക്ക് വാങ്ങിയ ലാബ് ഉപകരണങ്ങൾ സ്റ്റോക്കിലെടുക്കുകയും 56098/-രൂപ നൽകുകയും ചെയ്തു. അപാകതകൾ ചുവടെ കൊടുക്കുന്നു.

ക്വട്ടേഷൻ അംഗീകരിച്ച കെയറിൽ നിന്നല്ലാതെ കൂടിയ നിരക്ക് ക്വാട്ട് ചെയ്ത പൾസ് ഡയഗനോസ്റ്റിക്സ് & സർജിക്കൽസിന് PDS/2148/2020-21/10.8.20 നം.ഇൻവോയ്സ് പ്രകാരം,4 ഇനം സാധനങ്ങൾക്കായി 4930/- രൂപയും നൽകി. എന്നാൽ സാധനങ്ങൾ ലഭ്യമായതിന്റെയോ,സ്റ്റോക്കിൽ എടുത്തതിന്റെയോ രേഖകൾ ഇല്ല.ക്വട്ടേഷൻ അംഗീകരിക്കാത്ത സ്ഥാപനത്തിൽ നിന്ന് ഇൻവോയ്സ് ലഭ്യമാക്കി 4930/-രൂപ നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( നം.19/28.6.22)മറുപടി ലഭ്യമാക്കിയില്ല.4930/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-41 സി.എഫ്.എൽ.ടി.സി.യിലേക്ക് മരുന്ന് വാങ്ങലും മെഡിക്കൽ ഉപകരണങ്ങൾ വാങ്ങലും-അപാകതകൾ

പ്രോജക്ട് നം - S 0212/21

പ്രോജക്ടിന്റെപേര് - സി.എഫ്.എൽ.ടി.സി.യിലേക്ക് മരുന്ന് വാങ്ങലും മെഡിക്കൽ ഉപകരണങ്ങൾ വാങ്ങലും

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ(പി.എച്ച്.സി)

വകയിരുത്തൽ

വികസനഫണ്ട് - 1000000/-

ചെലവ്

1)ബിൽ നം. 9/20-21/9.10.20 തുക.789689/-

2)ബിൽ നം.18 /20-21/31.3.21 തുക.3200/-

3)ബിൽ നം.19 /20-21/31.3.21 തുക.29512/-

ക്രമ നം.1 ലെ ബില്ലിൽ നിന്നും 779989/-രൂപ KSCCFLTD ന്റെ SBI കളർകോട്ടുള്ള 00000035612600197 നം.അക്കൗണ്ടിൽ നൽകി. അപാകതകൾ ചുവടെ കൊടുക്കുന്നു.

1) തുക കൈപ്പറ്റിയതിന്റെ രേഖയില്ല.

2)പരിശോധനയ്ക്കായി ഹാജരാക്കിയ ബില്ലുകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം | ബിൽനം/തീയതി | എത്ര ഇനം സാധനങ്ങൾ | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | Consumerfed E-Triveni | 7076/7/1126/12.9.20 | 1 | 250000 | PPE Kit-500 എണ്ണം |
| 2 | Consumerfed E-Triveni | 7076/7/978/22.8.20 | 12 | 105056 | Wheelchair -3<br>Sanitizerstand -5<br>Instrumentstrolly-2<br>മുതലായവ |
| 3 | Neethi Medical Store,Alappuzha | 2021201101717/29.8.20 | 30 | 74884 | Bp Apparatus-2<br>Oxygencylinder-1<br>Sthethescope-2<br>മുതലായവ |
| 4 | Consumerfed E-Triveni | 7076/7/1022/27.8.20 | 1 | 100000 | PPE Kit-200 എണ്ണം |
| 5 | Neethi Medical Store,Alappuzha | ലഭ്യമല്ല/ 16.9.20 | 10 | 250049 | |
| TOTAL | | | | 779989 | |

മേൽ പട്ടിക പ്രകാരം വാങ്ങിയ സാധനങ്ങൾ CFLTC ക്ക് കൈമാറിയതിന്റെ വിവരം രജിസ്റ്ററിൽ ഉണ്ട്. എന്നാൽ വീൽ ചെയർ,സ്റ്റെതസ്കോപ്,ബി.പി.അപാററ്റസ് മുതലായ സാധനങ്ങൾ ഭാഗികമായി മാത്രം Issed To Staff Nurse എന്നാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. CFLTC ക്ക് കൈമാറിയ ഉപകരണങ്ങൾ പൂർണ്ണമായും നിലവിൽ എവിടെ ഉപയോഗിക്കുന്നു എന്നതിന്റെ സ്റ്റോക്ക് വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( നം.21/28.6.22)മറുപടി ലഭ്യമാക്കിയില്ല.അപാകതകളുള്ള ചെലവ് തുക 779989/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-42 ആർ.ഒ.പ്ളാന്റ് മെയിന്റനൻസ്-അപാകതകൾ

പ്രോജക്ട് നം - S 0026/21)

പ്രോജക്ടിന്റെപേര് - ആർ.ഒ.പ്ളാന്റ് മെയിന്റനൻസ്

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

വകയിരുത്തൽ

ധനകാര്യകമ്മീഷൻ അവാർഡ് - 500000/-

ചെലവ്

ബിൽ നം.58/20-21/23.2.21 തുക.500000/-

അംഗീകരിച്ച പ്രോജക്ട് പ്രകാരം, ആര്യാട് ഗ്രാമ പഞ്ചായത്തിന്റെ 1,6,7,13,17 എന്നീ വാർഡുകളിലെ ആർ.ഒ.പ്ളാന്റുകൾ മെയിന്റനൻസ് ചെയ്യുന്നതിന് എക്സിക്യൂട്ടിവ് എഞ്ചിനീയർ, വാട്ടർ അതോറിറ്റി,പി.എച്ച്.ഡിവിഷൻ,ആലപ്പുഴയുടെ KWA/PHD/ALP/D2 /1939/2021/15.2.21 പ്രകാരമുള്ള 893000/-രൂപയുടെ എസ്റ്റിമേറ്റിന് ,സെക്രട്ടറിയുടെ എ2/123/21/22.2.21 ലെ ഉത്തരവ് പ്രകാരം എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ 10449288175 നം.അക്കൗണ്ടിൽ 500000/-രൂപ നൽകി. എന്നാൽ എസ്റ്റിമേറ്റ്, പ്രവൃത്തിയുടെ പൂർത്തീകരണ സാക്ഷ്യപത്രം,തുകയുടെ വിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.23 തീയതി.28.6.22) വിനിയോഗസാക്ഷ്യപത്രത്തിന് വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. 500000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-43 തെരുവ് വിളക്ക് റിപ്പയർ -അപാകതകൾ

പ്രോജക്ട് നം - S 0003/21

പ്രോജക്ടിന്റെപേര് - തെരുവ് വിളക്ക് റിപ്പയർ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

വകയിരുത്തൽ

ധനകാര്യകമ്മീഷൻ അവാർഡ് - 200000/-

ചെലവ്

ബിൽ നം.72/20-21/27.3.21 തുക.199042/-

ആര്യാട് ഗ്രാമ പഞ്ചായത്തിലെ 18 വാർഡുകളിലെ കേടായ തെരുവ് വിളക്കുകൾ റിപ്പയർ ചെയ്ത് തിരികെ പിടിപ്പിക്കുന്നു. ആയതിന് 24.9.20ലെ 1(1) നം.തീരുമാനപ്രകാരം, ശ്രീമതി.ദീശാമോൾ.ജെ.ഡി. സമർപ്പിച്ച ടെണ്ടർ അംഗീകരിച്ചു. സാജു അസോസിയേറ്റ്സ്,ആലപ്പുഴ, 256 ട്യൂബ് ലൈറ്റ്, 592 എൽ.ഇ.ഡി.ലൈറ്റ് എന്നിവ റിപ്പയർ ചെയ്ത് തിരികെ പിടിപ്പിച്ച ഇനത്തിൽ 199042/-രൂപയുടെ തീയതി രേഖപ്പെടുത്താത്ത 0041 നം. ബിൽ സമർപ്പിച്ചിട്ടുണ്ട്. ആയതിന് ശ്രീമതി.ദീശാമോൾ.ജെ.ഡി.ക്ക് 199042/-രൂപ നൽകി.18 വാർഡിലുമായി 256 ട്യൂബ് ലൈറ്റ്, 592 എൽ.ഇ.ഡി.ലൈറ്റ് എന്നിവ റിപ്പയർ ചെയ്തു എന്ന് പ്രസിഡന്റിന്റെ സാക്ഷ്യപത്രം മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്.അപാകതകൾ ചുവടെ കൊടുക്കുന്നു.

1) തെരുവ് വിളക്ക് റിപ്പയർ ചെയ്യുന്നതിന് ശ്രീമതി.ദീശാമോൾ.ജെ.ഡി.യുടെ ലൈസൻസ് ഹാജരാക്കിയിട്ടില്ല.

2) 18 വാർഡിലും പോസ്റ്റുകളിൽ അറ്റകുറ്റപ്പണി നടത്തിയതിന്റെ രേഖകൾ കരാറുകാരൻ തയ്യാറാക്കി സാക്ഷ്യപ്പെടുത്തി നൽകിയിട്ടില്ല.

3) 18 വാർഡിലും തെരുവ് വിളക്കുകൾ റിപ്പയർ ചെയ്ത് തിരികെ പിടിപ്പിച്ചതിന് മെമ്പർമാരുടെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( നം.26 തീയതി.28.6.22)മറുപടി ലഭ്യമാക്കിയില്ല.199042/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-44 ആർദ്രം പദ്ധതി-വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രോജക്ട് നം - S 0045/21

പ്രോജക്ടിന്റെപേര് - ആർദ്രം പദ്ധതി,പഞ്ചായത്ത് വിഹിതം നൽകൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

വകയിരുത്തൽ

മെയിന്റനൻസ് ഫണ്ട്(റോഡിതരം) - 200000/-

ജീവിതശൈലീരോഗങ്ങൾക്കുള്ള മരുന്ന് വാങ്ങൽ ലക്ഷ്യമിട്ട്, ആര്യാട് ബ്ളോക്ക് പഞ്ചായത്ത് നടപ്പിലാക്കുന്ന ആർദ്രം പദ്ധതിക്ക് പഞ്ചായത്ത് വിഹിതമായി 200000/-രൂപ നൽകുന്നു.

സുലേഖ ചെലവ് പത്രിക പ്രകാരം 194912/-രൂപ ചെലവുണ്ട്. എന്നാൽ തുകയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.29 തീയതി.29.6.22),ആയത് ലഭ്യമാക്കുന്നതിന് ബ്ളോക്കിന് കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി നൽകി.194912/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-45 വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ-വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല.

പ്രോജക്ട് നം - S 0007/21

പ്രോജക്ടിന്റെപേര് - വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

വകയിരുത്തൽ

ധനകാര്യകമ്മീഷൻ അവാർഡ് - 248000/-

ചെലവ്

1)ബിൽ നം.19/20-21/28.7.20 തുക.3653/-

2)ബിൽ നം. 39/20-21/ 28.10.20 തുക.5876/-

3)ബിൽ നം.53/20-21/30.11.20 തുക.6126/-

4)ബിൽ നം.60/20-21/27.2.21 തുക.9661/-

5)ബിൽ നം.70 /20-21/27.3.21 തുക.17745/-

ആര്യാട് ഗ്രാമ പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ റോഡ് വികസനത്തിന് തടസ്സമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ സ്ഥാപിക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ,കെ.എസ്.ഇ.ബി.ഇലക്ട്രിക്കൽ സെക്ഷൻ,പാതിരപ്പള്ളി തയ്യാറാക്കി നൽകിയ വിവിധ എസ്റ്റിമേറ്റുകൾ പ്രകാരം, മേൽ 5 ബില്ലുകളിൽ നിന്നായി 43061/-രൂപ അസിസ്റ്റന്റ് എഞ്ചിനീയറുടെ 57035229381 നം.അക്കൗണ്ടിൽ നൽകി. എന്നാൽ പ്രവൃത്തിയുടെ പൂർത്തീകരണ സാക്ഷ്യപത്രം,തുകയുടെ വിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.30തീയതി.29.6.22 ),ആയതിന് കെ.എസ്.ഇ.ബിക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി.43061/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-46 തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങി സ്ഥാപിക്കൽ- രേഖകൾ പൂർണ്ണമല്ല

പ്രോജക്ട് നം - S 0009/21

പ്രോജക്ടിന്റെപേര് - തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങി സ്ഥാപിക്കൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

വകയിരുത്തൽ

ധനകാര്യകമ്മീഷൻ അവാർഡ് - 1000000/-

ചെലവ്

1)ബിൽ നം.46/20-21/11.11.20 തുക.752000/-

2)ബിൽ നം.52/20-21/30.11.20 തുക.216750/-

ആര്യാട് ഗ്രാമ പഞ്ചായത്തിലെ തെരുവ് വിളക്കുകൾ സംരക്ഷിക്കുന്നതിനും പുതുതായി സ്ട്രീറ്റ് ലൈൻ വലിച്ച സ്ഥലങ്ങളിൽ ട്യൂബ് സെറ്റ്, ട്യൂബ് ,സി.എഫ്.എൽ,എൽ.ഇ.ഡി.ലൈറ്റ്, തെരുവ് വിളക്ക് ഉപകരണങ്ങൾ മുതലായവ വാങ്ങുന്നതിനായി ലക്ഷ്യമിട്ട പ്രോജക്ട്.

1)യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്, കൊല്ലത്തിന്റെ 195/3.8.20 പ്രകാരമുള്ള ഇൻവോയ്സ് വിവരം ചുവടെ ചേർക്കുന്നു.

| Item | Qty | Rate | CGST(6%) | SGST | Amount |
|---|---|---|---|---|---|
| 24/25W LED Streetlight-Manual(Without Installation) | 250 | 2187.50 | 32812.50 | 32812.50 | 612500 |
| LED Tube Light | 300 | 415.18 | 7473.24 | 7473.24 | 139500.48 |
| | | | | | 752000 |

2)യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്, കൊല്ലത്തിന്റെ 489/4.11.20 പ്രകാരമുള്ള ഇൻവോയ്സ് വിവരം ചുവടെ ചേർക്കുന്നു.

| Item | Qty | Rate | CGST(6%) | SGST | Amount |
|---|---|---|---|---|---|
| 24/25W LED Streetlight-Manual(Without Installation) | 60 | 2187.50 | 7875 | 7875 | 147000 |
| LED Tube Light | 150 | 415.18 | 3736.62 | 3736.62 | 69750.24 |
| | | | | | 216750 |

യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ 57034104792 നം.അക്കൗണ്ടിൽ തുക നൽകി. അപാകതകൾ ചുവടെ ചേർക്കുന്നു.

1) മേൽ പട്ടിക 2 പ്രകാരമുള്ള തെരുവ് വിളക്ക് ഉപകരണങ്ങൾ സ്റ്റോക്കിൽ നിന്നും വിതരണം ചെയ്തിട്ടില്ല. എന്നാൽ ആയത് പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ളതായും കാണുന്നില്ല.

2) പട്ടിക 1 പ്രകാരമുള്ള തെരുവ് വിളക്ക് ഉപകരണങ്ങൾ സ്ഥാപിച്ചതിന്റെ രേഖയില്ല.

3)തെരുവ് വിളക്ക് ഉപകരണങ്ങൾ സ്ഥാപിച്ചതിന് സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.31 തീയതി.29.6.22) സ്റ്റോക്ക് രജിസ്റ്റർ കൃത്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.രേഖകൾ പൂർണ്ണമായും ഹാജരാക്കുന്നതുവരെ 968750/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-47 സ്ത്രീ സുരക്ഷ-മാർഗ്ഗകിരണം പദ്ധതി,സോളാർലൈറ്റ് സ്ഥാപിക്കൽ-അപാകതകൾ

പ്രോജക്ട് നം - S 0087/21

പ്രോജക്ടിന്റെപേര് - സ്ത്രീ സുരക്ഷ-മാർഗ്ഗകിരണം പദ്ധതി,സോളാർലൈറ്റ് സ്ഥാപിക്കൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

വകയിരുത്തൽ

ധനകാര്യകമ്മീഷൻ അവാർഡ് - 1152000/-

ചെലവ്

1)ബിൽ നം.44/20-21/11.11.20 തുക.576000/-

2)ബിൽ നം.47/20-21/11.11.20 തുക.576000/-

ആര്യാട് ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ തെരുവ് വിളക്ക് ലൈൻ വലിക്കാത്ത പൊതുവഴികളിൽ സോളാർ ലൈറ്റ് സ്ഥാപിച്ച് പൊതുജനങ്ങളുടെ സുരക്ഷിതത്വത്തിനും പ്രത്യേകിച്ച് സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിനും ലക്ഷ്യമിട്ട പ്രോജക്ട്. സോളാർ ലൈറ്റ് സ്ഥാപിക്കുന്നതിന് കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത തറയിൽ പവർ & എനർജി സൊല്യൂഷൻസ്. പ്രൈ.ലിമിറ്റഡിന്റെ ടെണ്ടർ

അംഗീകരിച്ചു.

1)തറയിൽ പവർ & എനർജി സൊല്യൂഷൻസ്. പ്രൈ.ലിമിറ്റഡ്, ആലപ്പുഴയുടെ TP/INV/20-21/36/7.9.20 പ്രകാരമുള്ള ഇൻവോയ്സ് വിവരം ചുവടെ ചേർക്കുന്നു.

| Item | Qty | Rate | Amount |
|---|---|---|---|
| 30W SOLAR PURE PRECIOUS STREET LIGHT | 18nos | 29523.80 | 531428.40 |
| Installation Of 30W Solar Street Light | 18set | 847.45 | 15254.10 |
| CGST | | | 14658.58 |
| SGST | | | 14658.58 |
| ROUND OFF | | | .34 |
| TOTAL AMOUNT | | | 576000 |

2)തറയിൽ പവർ & എനർജി സൊല്യൂഷൻസ്. പ്രൈ.ലിമിറ്റഡ്, ആലപ്പുഴയുടെ TP/INV/20-21/38/11.9.20 പ്രകാരമുള്ള ഇൻവോയ്സ് വിവരം ചുവടെ ചേർക്കുന്നു.

| Item | Qty | Rate | Amount |
|---|---|---|---|
| 30W SOLAR PURE PRECIOUS STREET LIGHT | 18nos | 29523.80 | 531428.40 |
| Installation Of 30W Solar Street Light | 18set | 847.45 | 15254.10 |
| CGST | | | 14658.58 |
| SGST | | | 14658.58 |
| ROUND OFF | | | .34 |
| TOTAL AMOUNT | | | 576000 |

തറയിൽ പവർ & എനർജി സൊല്യൂഷൻസ്. പ്രൈ.ലിമിറ്റഡിന്റെ 09960510008621 നം.അക്കൗണ്ടിൽ തുക നൽകി. അപാകതകൾ ചുവടെ ചേർക്കുന്നു.

1) മേൽ 2പട്ടിക പ്രകാരമുള്ള സോളാർ ലൈറ്റ് ഉപകരണങ്ങൾ സ്റ്റോക്കിൽ എടുത്തിട്ടില്ല.

2) 1,2,3,4,5,7,13,15,16,18 എന്നീ 10 വാർഡുകളിൽ 2 വീതം സോളാർ ലൈറ്റുകൾ (ആകെ 20 എണ്ണം) സ്ഥാപിച്ചതായി മെമ്പർമാരുടെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. ബാക്കി 16എണ്ണം സ്ഥാപിച്ചതിന്റെ രേഖയില്ല.

3) ഇൻസ്റ്റലേഷൻ റിപ്പോർട്ട് ഹാജരാക്കിയില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.32 തീയതി.29.6.22)മറുപടി ലഭ്യമാക്കിയില്ല. രേഖകൾ പൂർണ്ണമായും ഹാജരാക്കുംവരെ ചെലവ് തുക 1150000/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-48 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ

*കെട്ടിടം - ആര്യാട് ഗ്രാമപഞ്ചായത്ത് പരിധിയിൽ 29 അങ്കണവാടികൾ പ്രവർത്തിക്കുന്നു. അതിൽ 17 എണ്ണത്തിന് മാത്രമാണ് സ്വന്തം കെട്ടിടം ഉള്ളത്. 12 എണ്ണം വാടക കെട്ടിടത്തിലുമാണ് പ്രവർത്തിക്കുന്നത്.*

കുടിവെള്ളം- എല്ലാ അങ്കണവാടികൾക്ക് കുടിവെള്ള കണക്ഷൻ ഉണ്ട്.

ടോയ്‌ലറ്റ്- എല്ലാ അങ്കണവാടികൾക്കും ശുചിമുറി സൗകര്യം ഉണ്ടെങ്കിലും ബേബി ഫ്രണ്ട്‌ലി ടോയ്‌ലറ്റ് 2 എണ്ണത്തിന് ഉണ്ട്.

വൈദ്യുതി- എല്ലാ അങ്കണവാടികൾക്ക് വൈദ്യുതി കണക്ഷൻ ഉണ്ട്.

ചുറ്റുമതിൽ- 11 അങ്കണവാടികൾക്ക് മാത്രമാണ് ചുറ്റുമതിൽ ഉള്ളത്.

ആഹാരസാധനങ്ങൾ സൂക്ഷിക്കുവാനുള്ള സൗകര്യം- എല്ലാ അങ്കണവാടികൾക്കും ആഹാരസാധനങ്ങൾ സൂക്ഷിക്കുവാനുള്ള സൗകര്യങ്ങൾ ഉണ്ട്.

ഫിറ്റ്നസ് സർട്ടിഫിക്കറ്റ്- ഫിറ്റ്നെസ് സർട്ടിഫിക്കറ്റിനുള്ള അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

12അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടം ഇല്ലാത്തതും, ചുറ്റുമതിൽ, ബേബി ഫ്രണ്ട്‌ലി ടോയ്‌ലെറ്റ് തുടങ്ങിയ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തതയും ഗൗരവമേറിയ വിഷയമാണ്. അങ്കണവാടി കെട്ടിടങ്ങളുടെ സംരക്ഷണം, പ്രവേശനോത്സവം, മുതലായ പ്രവർത്തനങ്ങൾ നടത്തുന്നതിന് സർക്കാർ പുറപ്പെടുവിച്ച സർക്കുലർ നം.3105/ഡി.സി.2/2011/ത.സ്വ.ഭ.വ/22.03.2011 ലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കാവുന്നതാണ്. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-49 മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്-അനുവദനീയമായ തുക പൂർണ്ണമായും വിതരണം ചെയ്യപ്പെടുന്നില്ല

*പ്രോജക്റ്റിന്റെ പേര് -മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്*

പ്രോജക്ട് നം.- 183/21

അടങ്കൽ- 800000/--വികസന ഫണ്ട്

ചെലവ്- 7152200/--ബിൽ നം-10/20-21/തീയതി-18/3/21

അടങ്കൽ- 387600/--ബ്ളോക്ക് വിഹിതം

ചെലവ്- 373800/--ബിൽ നം-7/20-21/തീയതി-9/9/20

അടങ്കൽ- 200000/--ജില്ലാ പഞ്ചായത്ത് വിഹിതം

ചെലവ്- 196000/--ബിൽ നം-11/20-21/തീയതി-18/3/21.

ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 വർഷം നടപ്പിലാക്കിയ മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് എന്ന പദ്ധതി പ്രകാരം തൻവർഷം 1285000/-രൂപ ചെലവഴിച്ചിട്ടുണ്ട്.ആകെ 67കുട്ടികൾക്കാണ് തൻവർഷം ആനുകൂല്യം നൽകിയിട്ടുള്ളത്. സർക്കാർ ഉത്തരവു പ്രകാരം സ്കോളർഷിപ്പ് ഇനത്തിൽ ഒരു വർഷം അനുവദിക്കാവുന്ന തുക 28500/- രൂപയാണെന്നിരിക്കെ, പല കുട്ടികൾക്കും ആനുകൂല്യം ഭാഗികമായി മാത്രമാണ് അനുവദിച്ചിട്ടുള്ളതെന്ന് കാണാം.മതിയായ തുക വകയിരുത്താതെ ഇപ്രകാരം ഭാഗികമായി മാത്രം ആനുകൂല്യം നൽകിയതിനുള്ള വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.33/29.6.2022 നൽകിയതിന്, മറുപടി ലഭ്യമാക്കിയില്ല.തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 25-01-2019 ലെ സർക്കുലർ നം.ഡി.എ -1/19/2019 പ്രകാരം മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് അർഹതപ്പെട്ട ബത്തയും സ്കോളർഷിപ്പും എല്ലാ മാസവും കൃത്യമായി നൽകുവാൻ ശ്രദ്ധിക്കേണ്ടതാണെന്നും, മതിയായ തുക ഇതിനായി നീക്കിവെയ്ക്കുന്നുവെന്ന് ഉറപ്പു വരുത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.എന്നാൽ ഈ നിർദ്ദേശം ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ പാലിക്കപ്പെട്ടിട്ടില്ല. സ്കോളർഷിപ്പ് തുക പൂർണ്ണമായും അനുവദിക്കേണ്ടതാണ്.

## 1-50 ലൈഫ് ഭവന നിർമ്മാണം-മുൻകൂർ കൈപ്പറ്റി 2 വർഷം പിന്നിട്ടിട്ടും പ്രവൃത്തി ആരംഭിച്ചിട്ടില്ല

ലൈഫ് ഭവന നിർമ്മാണ പദ്ധതിയിലുൾപ്പെട്ട താഴെചേർക്കുന്ന ഗുണഭോക്താക്കൾ ധനസഹായത്തിന്റെ ആദ്യ ഗഡുവായ 40000 രൂപ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ഇവർ ഭവന നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടില്ല.

| ക്രമ നം. | പേര്,മേൽവിലാസം | കൈപ്പറ്റിയ തുക | തുക കൈപ്പറ്റിയ തീയതി | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| 1 | ശ്രീദേവി നെടിയാമ്പോള വാർഡ്-11 | 40,000 | 20.8.2018 | വി.ഇ.ഒ, ഐക്യഭാരതം |
| 2 | മാനുവൽ(വിരോണി ജോസഫ്) തൈപ്പറമ്പിൽ വാർഡ്-18 | 40,000 | 21.7.2018 | വി.ഇ.ഒ, ഐക്യഭാരതം |
| 3 | ലത പുരുഷോത്തമൻ ലത നിവാസ് വാർഡ് -5 | 40,000 | 26.8.2020 | വി.ഇ.ഒ, ഐക്യഭാരതം |
| | ആകെ | 120000 | | |

ലൈഫ് മിഷൻ മുഖേന ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണത്തിന് ആനുകൂല്യം നൽകുന്നത് സംബന്ധിച്ച മാർഗ്ഗരേഖ പ്രകാരം ,സ.ഉ.(കൈ.)നം.34/2018/ത.സ്വ.ഭ.വ. തീയതി 16.03.18] ഗുണഭോക്താക്കൾ ഒന്നാം ഗഡു കൈപ്പറ്റിയ തീയതി മുതൽ 6 മാസം കൊണ്ട് വീട് നിർമ്മാണം പൂർത്തിയാക്കേണ്ടതാണ്. അല്ലാത്ത പക്ഷം അഡ്വാൻസ് നൽകിയ തുക പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്.വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.ബർ 423.06.2022),മേൽ പട്ടികയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾ തുക കൈപ്പറ്റിയതിനുശേഷം നാളിതുവരെ വീട് നിർമ്മാണം തുടങ്ങിയിട്ടില്ലാത്ത സാഹചര്യമാണ്. പല തവണ ഫോൺ മുഖാന്തിരവും കത്ത് മുഖേനയും അറിയിപ്പ് നൽകിയിട്ടുള്ളതാണ്.ആകയാൽ ഒരു തവണ കൂടി നോട്ടീസ് നൽകിയതിനുശേഷം ആർ.ആർ.നടപടി സ്വീകരിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്(21.4.2022ലെ 4(4) നം.തീരുമാനം)എന്ന് വി.ഇ.ഒ. മറുപടി ലഭ്യമാക്കി.ഇതു കൈപ്പറ്റി രണ്ട് വർഷം ,നാല് വർഷം എന്നിങ്ങനെ കഴിഞ്ഞിട്ടും ഭവന നിർമ്മാണ പ്രവൃത്തി ആരംഭിക്കാത്ത ഗുണഭോക്താക്കളുടെ കാര്യത്തിൽ അടിയന്തിര തുടർ നടപടി സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 പാലിന് സബ്സിഡി അധിക നിരക്കിൽ നൽകി

1.പ്രോജക്ട് നം .23/21കർഷകർക്ക് പാലിന് സബ്സിഡി

നിർവ്വഹണം- ഡയറി എക്സ്റ്റൻഷൻ ഓഫീസർ

അടങ്കൽ- 200600/-വികസന ഫണ്ട്)

ചെലവ്-193507/-

ആര്യാട് ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതിയിൽ പഞ്ചായത്ത് പരിധിയിലുള്ള 2ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് താഴെ പറയുന്ന ബില്ലുകൾ പ്രകാരം സബ്സിഡി നൽകിയിട്ടുണ്ട്. ക്ഷീര സംഘത്തിൽ നൽകുന്ന പാലിന് ക്ഷീരവികസനവകുപ്പ് നൽകുന്ന ഒരു രൂപ ഉൾപ്പെടെ ലിറ്ററൊന്നിന് നാല് രൂപ തോതിൽ ഒരു വർഷം പരമാവധി 40000/- രൂപ ഒരു കർഷകന് സബ് സിഡിയായി നൽകാമെന്ന് സബ്സിഡി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട് ( 14. 12. 18 ലെ സ.ഉ ( കൈ) നം.22/ 18/ ത സ്വ ഭ വ ) . എന്നാൽ വികസന ഫണ്ടിൽ നിന്നാണ് 4 രൂപ പ്രകാരം സബ്സിഡി നൽകിയിട്ടുള്ളത്. ഓരോ ക്ഷീര സഹകരണ സംഘങ്ങൾ മുഖാന്തിരം കർഷകർക്ക് ഒരു ലിറ്റർ പാലിന് നാലു രൂപ പ്രകാരം നൽകിയിട്ടുള്ളതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ക്ഷീരസംഘത്തിന്റെ പേര് | ആകെ പാലളവ് | നൽകിയ തുക (സബ്സിഡി) | പദ്ധതിപണത്തിൽ നിന്നും ചെലവഴിക്കാവുന്ന തുക | പദ്ധതിപണത്തിൽ നിന്നും അധികം ചെലവഴിച്ച തുക (സബ്സിഡി) | ചെലവ് വിവരം |
|---|---|---|---|---|---|---|
| | ആര്യാട്തെക്ക് A140(D)Apcos<br>കൈതത്തിൽ Milma Kucs A138(D) | 23840<br>24535 | 95367<br>98140 | 71520<br>73605 | 23847<br>24532 | ബിൽ നം-4/2019-21തീയതി-15.9.2020, 123727/-<br>ബിൽ നം-5/2019-21തീയതി-28.10.2020, 69780/- |
| | ആകെ | | | | 48379/- | |

2.പ്രോജക്ട് നം .102/21കർഷകർക്ക് പാലിന് സബ്സിഡി

നിർവ്വഹണം- ഡയറി എക്സ്റ്റൻഷൻ ഓഫീസർ

അടങ്കൽ- 98253/-(ബ്ളോക്ക് വിഹിതം)

ചെലവ്-98253/-

ആര്യാട് ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതിയിൽ പഞ്ചായത്ത് പരിധിയിലുള്ള കൈതത്തിൽ Milma Kucs A138(Dക്ഷീരസംഘത്തിലെ പാലളക്കുന്ന കർഷകർക്ക് താഴെ പറയുന്ന ബില്ല് പ്രകാരം സബ്സിഡി നൽകിയിട്ടുണ്ട്. ക്ഷീര സംഘത്തിൽ നൽകുന്ന പാലിന് ക്ഷീരവികസനവകുപ്പ് നൽകുന്ന ഒരു രൂപ ഉൾപ്പെടെ ലിറ്ററൊന്നിന് നാല് രൂപ തോതിൽ ഒരു വർഷം പരമാവധി 40000/- രൂപ ഒരു കർഷകന് സബ് സിഡിയായി നൽകാമെന്ന് സബ്സിഡി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട് ( 14. 12. 18 ലെ സ.ഉ ( കൈ) നം.22/ 18/ ത സ്വ ഭ വ ) . എന്നാൽ വികസന ഫണ്ടിൽ നിന്നാണ് 3 രൂപയിൽ അധികരിച്ച് സബ്സിഡി നൽകിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ക്രമ നമ്പർ | ക്ഷീരസംഘത്തിന്റെ പേര് | ആകെ പാലളവ് | നൽകിയ തുക (സബ്സിഡി) | പദ്ധതിപണത്തിൽ നിന്നും ചെലവഴിക്കാവുന്ന തുക | പദ്ധതിപണത്തിൽ നിന്നും അധികം ചെലവഴിച്ച തുക (സബ്സിഡി) | ചെലവ് വിവരം |
|---|---|---|---|---|---|---|---|
| 1 | 1 | കൈതത്തിൽ Milma Kucs A138(D) | 26572 | 98253 | 79716 | 18537 | ബിൽ നം-1/2019-21തീയതി- |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | 14.5.2020, 98253/- |

ക്ഷീര വികസന വകുപ്പിൽ നിന്നുള്ള സബ്സിഡി തുകയായ ഒരു രൂപ ഉൾപ്പെടാത്ത പക്ഷം കർഷകന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകാവുന്ന സബ്സിഡി ലിറ്ററിന് 3 രൂപ നിരക്കിലായതിനാൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും ലിറ്ററിന് 4 രൂപ തോതിൽ സബ്സിഡി നൽകിയത് സബ്സിഡി മാർഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. വികസനഫണ്ടിൽ നിന്നും അധികമായി തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.10/27.6.2022 നൽകിയതിന്, മറുപടി ലഭ്യമാക്കിയില്ല.മേൽപറഞ്ഞ രണ്ട് പ്രോജക്ടുകൾക്ക് അധികമായി നൽകിയ തുക 48379+18537=66916/--രൂപ തിരികെ ഒടുക്കി അറിയിക്കേണ്ടതാണ്.

## 3-2 ടാർവീപ്പയുടെ വില ഈടാക്കിയില്ല നഷ്ടം 3091/-

താഴെപ്പറയുന്ന റോഡ് ടാറിംഗ് പ്രവൃത്തിയുടെ ബിൽ പ്രകാരം തുക നൽകിയപ്പോൾ ടാർ വീപ്പയുടെ വില ബില്ലിൽ നിന്നും കുറവു ചെയ്തില്ല. ഒരു ടാർ വീപ്പയുടെ വില 281 (238 + 18% GST) രൂപയാണ്. ടാർ വീപ്പയുടെ വില ഈടാക്കാതിരുന്നതിനാൽ കരാറുകാരന് അധികം നൽകാനിടയായി. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ഉപയോഗിച്ച SS1 ,RS1 , ബിറ്റുമിന്റെ അളവ് | ഈടാക്കേണ്ട വില @281 | കരാറുകാരൻ | ചെലവു വിവരം |
|---|---|---|---|---|---|
| 1 | വടശ്ശേരി -വടക്കാലിശ്ശേരി റോഡ് ടാറിംഗ് | SS1 – 512 Kg<br>RS1 - 166 Kg<br>VG 30 -1211 KG | 11 @281 = 3091 | സി.ഡി. പ്രകാശൻ | 98/08-10-21 രൂപ 375283/- |

കുറവു വന്ന തുക കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്.അല്ലാത്തപക്ഷം നിർവ്വഹണഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 8/25-06-22 ന് തുക ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 3-3 കൺസോളിഡേഷൻ ഇനത്തിൽ (ഷ്രിങ്കേജ്) 10% കുറവു ചെയ്യാതെ തുക അനുവദിച്ചു.നഷ്ടം 1694/-

| | |
|---|---|
| പ്രവൃത്തി | NSS കാണ നിർമ്മാണം രണ്ടാം ഘട്ടം |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| കരാറുകാരൻ | സി. എ. പീറ്റർ |
| അളവു പുസ്തകം | 35/2020 |
| ചെലവു വിവരം | ബിൽ നമ്പർ 35/05-03-21 രൂപ72677 |

മേൽ പ്രവൃത്തിയുടെ 6-ാം ഇനം ഗ്രാവൽ ഫില്ലിംഗാണ്. (Construstion Of Subgrade.....) . ഇത് 15.696 M3 ചെയ്തതിന് 1078.70/m3 നിരക്കിൽ 16931/-രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്. കൺസോളിഡേഷൻ ഇനത്തിൽ (ഷ്രിങ്കേജ്) 10% കുറവു ചെയ്യാതെ തുക അനുവദിച്ചത് വഴി 1694/- (1.57 M3 @1078.70/m3) രൂപ അധികം നൽകാനിടയായി . ടി തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.അല്ലാത്തപക്ഷം നിർവ്വഹണഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 8/25-06/22 ന് തുക ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 3-4 കരാറുകാരിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല

തൊഴിലുറപ്പുപദ്ധതിയിൽപ്പെടുത്തി ചെയ്ത റോഡ് നിർമ്മാണ പ്രവൃത്തികൾക്ക് സാധന സാമഗ്രികൾ സപ്ളൈ ചെയ്ത കരാറുകാർക്ക് തുക അനുവദിച്ചപ്പോൾ നിയമാനുസൃതം ഈടാക്കേണ്ട ആദായ നികുതി (ആദായ നികുതി നിയമം 194 C ) ഈടാക്കിയില്ല . തൊഴിലുറപ്പു പദ്ധതിയുടെ എല്ലാ സാമ്പത്തിക ഇടപാടുകളും എം. ഐ. എസ് മുഖേനേയാണ് നടത്തുന്നത്. ആദായ നികുതി ഈടാക്കുന്നതിനുള്ള സൗകര്യം എം. ഐ.എസ് ൽ ലഭ്യമല്ലാത്തതു കാരണം വെണ്ടർ /സപ്ളയർ ഗ്രാമപഞ്ചായത്തിൽ നേരിട്ട് ഒടുക്കുമെന്ന് ഉറപ്പാക്കി ബിൽ സെറ്റിൽ ചെയ്യുകയാണ് വേണ്ടിയിരുന്നത്.. എന്നാൽ പ്രവൃത്തികളുടെ ആദായ നികുതി കരാറുകാർ ഗ്രാമപഞ്ചായത്തിൽ ഒടുക്കിയിട്ടില്ല.

| ക്രമ നം | പ്രവൃത്തിയുടെ പേര് | കരാറുകാരൻ | സാധന വിലയിനത്തിൽ അനുവദിച്ച തുക | ഈടാക്കേണ്ട ആദായ നികുതി (1%) | ഫണ്ട് കൈമാറ്റം ചെയ്ത തീയതി - |
|---|---|---|---|---|---|
| 1 | തെക്കേ തൈവെളി റോഡ് കോൺക്രീറ്റ് | ശ്യാംകുമാർ | 417611 | 4176 | 11-01-21 |
| 2 | അമ്പാടി തൈക്കൽ | സെക്രട്ടറി | 320294 | @2% | 19-08-20 |

| | | | | | |
|---|---|---|---|---|---|
| | ടൈൽ റോഡ് നിർമ്മാണം | ആലപ്പുഴ ജില്ലാ ലേബർ കോൺട്രാക്ട് സൊസൈറ്റി | | 6406 | |
| 3 | കുന്നപറമ്പ് ടൈൽ റോഡ് നിർമ്മാണം | അനസ് നൈന | 290498 | 2905 | 16-05-20 |
| 4 | മീനപ്പള്ളി ടൈൽ റോഡ് നിർമ്മാണം | അനസ് നൈന | 149783 | 1498 | 04-08-20 |
| 5 | വെള്ളാണി മഠം ടൈൽ റോഡ് നിർമ്മാണം | സെക്രട്ടറി ആലപ്പുഴ ജില്ലാ ലേബർ കോൺട്രാക്ട് സൊസൈറ്റി | 213754 | @2% 4275 | 30-09-20 |
| 6 | ഒറ്റപ്പറമ്പ് ടൈൽ റോഡ് നിർമ്മാണം | സിയാദ് മേത്തർ | 68163 | 682 | 20-02-21 |
| 7 | പറേക്കാട് ടൈൽ റോഡ് നിർമ്മാണം | ഷൗക്കത്തലി | 173841 | 1738 | 10-10-20 |
| 8 | കണ്ണമ്പള്ളി ടൈൽ റോഡ് നിർമ്മാണം | സിയാദ് മേത്തർ | 237627 | 2376 | 03-03-21 |
| 9 | നികർത്തിൽ മൂര്യംവെളിടൈൽ റോഡ് നിർമ്മാണം | ഷാഹുൽ ഹമീദ് | 163654 | 1637 | 07-03-21 |
| 10 | കുറ്റിച്ചിറടൈൽ റോഡ് നിർമ്മാണം | സെക്രട്ടറി ആലപ്പുഴ ജില്ലാ ലേബർ കോൺട്രാക്ട് സൊസൈറ്റി | 226891 | @2% 4538 | 28-02-21 |
| 11 | സനൽ കുമാർ മെമ്മോറിയൽ ടൈൽ റോഡ് നിർമ്മാണം | അനസ് നൈന | 137550 | 1375 | 03-11-20 |
| 12 | തരംഗം കോൺക്രീറ്റ് റോഡ് | ഷൗക്കത്തലി | 218145 | 2181 | 28-03-21 |
| 13 | പ്രിയൻ വെട്ടക്കടവ് പാലം കോൺക്രീറ്റ് റോഡ് | ശ്യാംകുമാർ | 45704 | 457 | 11-08-20 |
| 14 | ശ്രീപദം പടിപുരയ്ക്കൽ ഗുരുപാദം ടൈൽ റോഡ് | സെക്രട്ടറി ആലപ്പുഴ ജില്ലാ ലേബർ കോൺട്രാക്ട് സൊസൈറ്റി | 225762 | @2% 4514 | 18-03-21 |
| 15 | ഇുശത്ത് വെളി ടൈൽ റോഡ് | സെക്രട്ടറി ആലപ്പുഴ ജില്ലാ ലേബർ കോൺട്രാക്ട് സൊസൈറ്റി | 68748 | @2% 1374 | 07-04-21 |
| 16 | തൈപ്പറമ്പ് കോൺക്രീറ്റ് റോഡ് | ഷൗക്കത്ത് | 98041 | 980 | 21-04-21 |
| 17 | പള്ളത്ത് ടൈൽ റോഡ് | സെക്രട്ടറി ആലപ്പുഴ ജില്ലാ ലേബർ കോൺട്രാക്ട് സൊസൈറ്റി | 443134 | @2% 8862 | 28-09-20 |

| | | | | | |
|---|---|---|---|---|---|
| 18 | ആശാൻ മെമ്മോറിയൽ ടൈൽ റോഡ് | മൗലാനാ അബ്ദുൾകലാം ആസാദ് | 175382 | 1754 | 06-02-21 |
| 19 | പുളിച്ചുവട്ടിൽ ടൈൽ റോഡ് | മൗലാനാ അബ്ദുൾകലാം ആസാദ് | 379326 | 3793 | 11-02-21 |
| 20 | MS കളങ്ങര ടൈൽ റോഡ് | മൗലാനാ അബ്ദുൾകലാം ആസാദ് | 56265 | 563 | |
| 21 | നികർത്തിൽ ടൈൽ റോഡ് | മൗലാനാ അബ്ദുൾകലാം ആസാദ് | 230457 | 2305 | 17-03-21 |
| 22 | വലിയ കോവിലകം ടൈൽ റോഡ് | മൗലാനാ അബ്ദുൾകലാം ആസാദ് | 134415 | 1344 | 27-03-21 |
| 23 | റൂറൽ ബണ്ട് കുറ്റിക്കൽ ടൈൽ റോഡ് | പ്രദീപ് .വി | 412042 | 4120 | 19-03-21 |
| 24 | ESI ടൈൽ റോഡ് | പീറ്റർ സി. എ | 373525 | 3735 | 04-08-20 |
| 25 | മുനിസിപ്പൽ റെയിൽവേ ട്രാക്ക് ടൈൽ റോഡ് | അനസ് നൈന | 250627 | 2506 | 10-08-20 |
| 26 | ലവ് സ്ട്രീറ്റ് ടൈൽ റോഡ് | പീറ്റർ . സി. എ | 115774 | 1157 | 11-08-20 |
| 27 | ആദർശ് മിത്രം ടൈൽ റോഡ് | പീറ്റർ . സി. എ | 448440 | 4484 | 23-03-21 |
| 28 | ജോസഫ് ജംഗ്ഷൻ കോൺക്രീറ്റ് റോഡ് | പീറ്റർ സി. എ | 182220 | 1822 | 30-12-20 |
| 29 | മഹാ വിഷ്ണു ക്ഷേത്രം കോൺക്രീറ്റ് റോഡ് നിർമ്മാണം | പീറ്റർ സി. എ | 298095 | 2981 | 17-02-21 |
| 30 | പാരച്ചൂട്ട് ലൈൻ കോൺക്രീറ്റ് റോഡ് നിർമ്മാണം | പീറ്റർ സി. എ | 331838 | 3318 | 03-03-21 |
| 31 | വികസനം നടപ്പാത കോൺക്രീറ്റ് റോഡ് | പീറ്റർ .സി.എ | 212640 | 2126 | 11-02-20 |
| 32 | കോമച്ചാംവേലി കോൺക്രീറ്റ് റോഡ് | പീറ്റർ സി. എ | 164237 | 1632 | 27-10-20 |
| 33 | പൂങ്കാവ് കൊല്ലാറ ടൈൽ റോഡ് | അനസ് നൈന | 102547 | 1025 | 31-03-21 |
| 34 | മിത്രം ടൈൽ റോഡ് | പീറ്റർ സി. എ | 420565 | 4205 | 31-03-21 |
| 35 | ജാതിക്കാപറമ്പ് കോൺക്രീറ്റ് റോഡ് | പീറ്റർ സി.എ | 277712 | 2777 | 27-10-20 |
| 36 | പത്തു തൈയ്യിൽ കോൺക്രീറ്റ് റോഡ് | പീറ്റർ സി.എ | 398226 | 3982 | 17-02-21 |
| | ആകെ | | | 99603 | |
| | മുൻ വർഷം | | | | |
| 37 | ശങ്കരശ്ശേരി കന്നിട്ട ടൈൽ റോഡ് | ഷൗക്കത്തലി | 149842 | 1498 | 17-02-20 |
| 38 | ഗ്യാലക്സി ചക്കാലയിൽ ടൈൽ റോഡ് | സെക്രട്ടറി ആലപ്പുഴ ജില്ലാ ലേബർ കോൺട്രാക്ട് | 115536 | @2 %2310 | 05-03-20 |

| | | | | | |
|---|---|---|---|---|---|
| | | സൊസൈറ്റി | | | |
| 39 | കണിയാം വെളി ടൈൽ റോഡ് | പ്രദീപ് വി | 190975 | 1910 | 17-03-20 |
| 40 | കലാഭവൻ ടൈൽ റോഡ് | പ്രദീപ് വി | 352832 | 3528 | 28-02-20 |
| 41 | NH66 – വടയാറ്റുശ്ശേരി ടൈൽ റോഡ് | പ്രദീപ് വി | 378911 | 3789 | 02-03-20 |
| 42 | കുന്നങ്കൽ II ടൈൽ റോഡ് | ഷൗക്കത്തലി | 83687 | 837 | 29-02-20 |
| 43 | ലൂഥറൻ ഹൈസ്കൂൾ ടൈൽ റോഡ് | ഷൗക്കത്തലി | 315886 | 3159 | 24-02-20 |
| 44 | RO Plant ടൈൽ റോഡ് | സിയാദ് മേത്തർ | 431607 | 4316 | 12-03-20 |
| 45 | തുമ്പോളി ചർച്ച് ടൈൽ റോഡ് | സിയാദ് മേത്തർ | 241611 | 2416 | 27-02-20 |
| 46 | നികർത്തിൽ വെളിയിൽ ടൈൽ റോഡ് | അശ്വിൻ രാജ് | 241462 | 2415 | 03-03-20 |
| 47 | പാടത്ത് പത്തേൽ ടൈൽ റോഡ് | അനസ് നൈന | 307337 | 3073 | 31-01-20 |
| 48 | ആരാധന ചക്കനാട്ട് ചിറ ടൈൽ റോഡ് | ഷാഹുൽ ഹമീദ് | 127267 | 1272 | 14-03-20 |
| 49 | ദേശാഭിമാനി റോഡ് മെറ്റലിംഗ് | അനസ് നൈന | 246740 | 2467 | 30-12-19 |
| 50 | കുറ്റിപ്പുറം പുളിക്കൽ IIടൈൽ റോഡ് | ഷാഹുൽ ഹമീദ് | 317345 | 3173 | 14-03-20 |
| 51 | കുറ്റിപ്പുറം പുളിക്കൽ ടൈൽ റോഡ് | ഷാഹുൽ ഹമീദ് | 328520 | 3285 | 11-03-20 |
| 52 | അനിരുദ്ധൻ മെമ്മോറിയൽ ടൈൽ റോഡ് | അനസ് നൈന | 299804 | 2998 | 24-02-20 |
| 53 | അംഗൻവാടി റീച്ച് 2 ടൈൽ റോഡ് | സിയാദ് മേത്തർ | 425292 | 4253 | 05-03-20 |
| 54 | വിഷൻ 20-20ടൈൽ റോഡ് | അനസ് നൈന | 361883 | 3619 | 31-03-20 |
| 55 | നികർത്തിൽ മൂര്യം വെളി ടൈൽ റോഡ് | ഷാഹുൽ ഹമീദ് | 77485 | 775 | 12-03-20 |
| 56 | മൂര്യംവെളി പള്ളി ടൈൽ റോഡ് | ഷാഹുൽ ഹമീദ് | 154627 | 1546 | 29-02-20 |
| 57 | ചിറ്റേവെളി തൈവെളി ടൈൽ റോഡ് | ഷൗക്കത്തലി | 147537 | 1475 | 14-02-20 |
| 58 | ഏഞ്ചൽ ടൈൽ റോഡ് | സിയാദ് മേത്തർ | 359718 | 3597 | 31-01-20 |
| 59 | പഷ്ണമ്പലം ടൈൽ റോഡ് | അശ്വിൻ രാജ് | 171654 | 1717 | 27-11-19 |
| 60 | ഗ്യാലക്സി ടൈൽ റോഡ് | സെക്രട്ടറി സെക്രട്ടറിആലപ്പുഴ ജില്ലാ ലേബർ കോൺട്രാക്ട് സൊസൈറ്റി | 115595 | @2% 2312 | 05-03-20 |
| 61 | കുന്നങ്കൽ I ടൈൽ റോഡ് നിർമ്മാണം | ഷൗക്കത്തലി | 79382 | 794 | 29-02-20 |
| 62 | കുന്നങ്കൽ II ടൈൽ റോഡ് നിർമ്മാണം | ഷൗക്കത്തലി | 83687 | 837 | 28-02-20 |

| | | | | | |
|---|---|---|---|---|---|
| 63 | കാരിക്കുഴി ഫാം ടൈൽ റോഡ് | അശ്വിൻ രാജ് | 433368 | 4334 | 28-12-19 |
| 64 | കൂട്ടുമ്മൽ ടൈൽ റോഡ് | അശ്വിൻ രാജ് | 260239 | 2602 | 28-`12-19 |
| 65 | പടിഞ്ഞാറെവെളിടൈൽ റോഡ് | അശ്വിൻ രാജ് | 86269 | 863 | 17-02-20 |
| 66 | കൊല്ലാർ കുളങ്ങരടൈൽ റോഡ് | അശ്വിൻ രാജ് | 247498 | 2475 | 28-12-19 |
| 67 | ജനനി ടൈൽ റോഡ് | സിയാദ് മേത്തർ | 220222 | 2202 | 31-01-20 |
| 68 | യൂണിവേഴ്സൽടൈൽ റോഡ് | സിയാദ് മേത്തർ | 165848 | 1658 | 07-03-20 |
| 69 | വടക്കാലശേരി കിഴക്കേപ്പറമ്പ് ടൈൽ റോഡ് | അനസ് നൈന | 225408 | 2254 | 31-12-19 |
| | ആകെ | | | 80059 | |

ടി തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച നൽകിയ 24/28-06-22-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് പുതിയ പ്രവൃത്തികൾ തുടങ്ങുമ്പോൾ ആദായ നികുതി ഈടാക്കിക്കൊള്ളാം എന്നാണ് മറുപടി നൽകിയിരിക്കുന്നത്. മറുപടി തൃപ്തികരമല്ല. നിയമാനുസൃതം ഈടാക്കേണ്ടിയിരുന്ന നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-5 ടൈൽ റോഡ് നിർമ്മാണം - അധികമായി അനുവദിച്ച ടൈലിന്റെ വില 1771 /-

അമ്പാടി തടിയ്ക്കൽ ടൈൽ റോഡ് നിർമ്മാണം എന്ന പ്രവൃത്തിയിൽ ക്വാറിമക്ക് ഫില്ലിംഗും ഗുഡ് എർത്ത് ഇട്ട് ഉയർത്തിയിരിക്കുന്നതും 195.97 $M^2$ വിസ്തീർണത്തിലാണ്. എന്നാൽ ടൈൽ വിരിച്ചിരിക്കുന്ന അളവ് 197.715 $M^2$ എന്ന് രേഖപ്പെടുത്തി @1015/$m^2$ നിരക്കിൽ ടൈലിന്റെ വില അനുവദിച്ചിരിക്കുന്നു. അധികമായി അനുവദിച്ച 1.745$m^2$ (197.715 -195.97) ടൈലിന്റെ വില 1771 (1.745 $M^2$ @1015) കരാറുകാരായ സെക്രട്ടറി,ആലപ്പുഴ ജില്ലാ ലേബർ കോൺട്രാക്ട് സൊസൈറ്റി യിൽ നിന്നും ഈടാക്കണ്ടതാണ്. (ഫണ്ട് കൈമാറ്റം ചെയ്ത തീയതി-19-08-20). ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 25/28-06-22) 1.745m2 ഉയർന്ന സ്ഥലത്ത് ഇട്ടതായി ബോധ്യപ്പെടുത്തുന്നു എന്നാണ്. ഈ മറുപടി തൃപ്തികരമല്ല. ക്വാറിമക്കും ഗ്രാവലും ഇട്ട് ഉയർത്തിയ ഭാഗത്തിന്റെ ശരാശരി വീതി കണക്കാക്കി ടൈൽ വിരിച്ചതിന്റെ അളവ് രേഖപ്പെടുത്തിയതാണ് അധികം നൽകാനിടയാക്കിയത്. അതിനാൽ തുക ഈടാക്കേണ്ടതാണ്.

## 3-6 വോയിഡ്സിനത്തിൽ7.5% കുറവു ചെയ്യാതെ തുക അനുവദിച്ചു

തൊഴിലുറപ്പ് പദ്ധതിയിൽ ഗ്രാമപഞ്ചായത്തിൽ ചെയ്ത തരംഗം കോൺക്രീറ്റ് റോഡ് നിർമ്മാണം എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് CPWD സ്പെസിഫിക്കേഷനിലാണ്. CPWD സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ള പ്രവൃത്തികളിൽ കോൺക്രീറ്റിംഗിനുള്ള 40mm സ്റ്റോൺ അഗ്രിഗേറ്റ് എന്നിവയുടെ സ്റ്റാക്ക് ചെയ്ത അളവിന് തുക അനുവദിക്കുമ്പോൾ വോയിഡ്സിനത്തിൽ 7.5% കുറവു ചെയ്ത ശേഷമാണ് തുക അനുവദിക്കേണ്ടിയിരുന്നത്. മേൽ പ്രവൃത്തിയിൽ ഇപ്രകാരം ചെയ്യാതിരുന്നത് അധികച്ചെലവിനിടയാക്കി.

| | |
|---|---|
| 40 Mm സ്റ്റാക്ക് ചെയ്ത അളവ് | 10.14 $M^3$ |
| വോയിഡ്സിനത്തിൽ 7.5% കുറവു ചെയ്യേണ്ടത് | 0.760 $M^3$ |
| അനുവദിക്കേണ്ട അളവ് | 9.38 $M^3$ |
| അനുവദിച്ചത് | 9.945 $M^3$ @ 2250 = 22376/- |
| അധികം | 0.565 $M^3$ @ 2250 = 1271 |

അധികം നൽകിയ 1271/- രൂപ സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാരനായ ശ്രീ. ഷൗക്കത്തലിയിൽ നിന്നും ഈടാക്കേണ്ടതാണ്. (ഫണ്ട് കൈമാറ്റം ചെയ്ത തീയതി-28-03-21). ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 25/28-06-22) കരാറുകാരനിൽ നിന്നും തുക ഈടാക്കിക്കൊള്ളാമെന്നാണ് അറിയിച്ചിട്ടുള്ളത്.

## 3-7 ഗ്രാവൽ ഫില്ലിംഗ് പ്രവൃത്തികളിൽ കൺസോളിഡേഷൻ ഇനത്തിൽ (ഷ്രിങ്കേജ്) 10% കുറവു ചെയ്യാതെതുക അനുവദിച്ചു.

തൊഴിലുറപ്പപദ്ധതിയിൽപ്പെടുത്തി ചെയ്ത ടൈൽ റോഡ് നിർമ്മാണ പ്രവൃത്തികളിലെ ഗുഡ് എർത്ത് ഉപയോഗിച്ചുള്ള ഫില്ലിംഗ് അളവ് രേഖപ്പെടുത്തിയിരിക്കുന്നത് ടേപ്പ് മെഷർമെന്റിലാണ്. എന്നാൽ മേൽ അളവിൽ നിന്നും കൺസോളിഡേഷൻ ഇനത്തിൽ (ഷ്രിങ്കേജ്) 10% കുറവു ചെയ്യാതെയാണ് താഴെപ്പറയുന്ന പ്രവൃത്തികളിൽ സപ്ലെയർക്ക് തുക അനുവദിച്ചിരിക്കുന്നത്. റോഡ്

ഉയർത്തുന്നതിനാവശ്യമായ ഗ്രഡ് എർത്തിന്റെ അളവ് ഒരു ഇനമായി ഉൾപ്പെടുത്തി ആ അളവിൽ കരാറുകാരെക്കൊണ്ട് സപ്ലൈ ചെയ്ത് സ്റ്റാക്ക് രേഖപ്പെടുത്തി @1000/$m^3$ നിരക്കിൽ തുക അനുവദിക്കുന്ന രീതിയാണ് എല്ലാ പ്രവൃത്തികളിലും ചെയ്യുന്നത്. കൺസോളിഡേറ്റ് ചെയ്ത് റോഡ് ഉയർത്തുമ്പോഴും ഫില്ലിംഗ് അളവിൽ നിന്നും കൺസോളിഡേഷൻ ഇനത്തിൽ (ഷ്രിങ്കേജ്) 10% കുറവ് ചെയ്യാതെയാണ് താഴെപ്പറയുന്ന പ്രവൃത്തികളിൽ സപ്ലയർക്ക് തുക അനുവദിച്ചിരിക്കുന്നത്. ഇത് കരാറുകാർക്ക് സാധന വിലയിനത്തിൽ അധികം നൽകാനിടയാക്കി. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാരൻ | സ്റ്റാക്ക് അളവ്/ ഫില്ലിംഗ് അളവ് ($M^3$) | കൺസോളിഡേഷൻ ഇനത്തിൽ 10% കുറവ് ചെയ്യേണ്ടിയിരുന്ന അളവും തുകയും | ഫണ്ട് ട്രാൻസ്ഫർ ചെയ്ത തീയതി |
|---|---|---|---|---|---|
| 1 | തെക്കേ തൈവെളി റോഡ് കോൺക്രീറ്റ് | ശ്യാംകുമാർ | 76.20 $M^3$ | 7.620 $M^3$ @1000 = 7620 | 11-01-21 |
| 2 | കുന്നപറമ്പ് ടൈൽ റോഡ് നിർമ്മാണം | അനസ് നൈന | 36.260 $M^3$ | 3.626 @1000 = 3626 | 16-05-20 |
| 3 | മീനപ്പള്ളി ടൈൽ റോഡ് നിർമ്മാണം | അനസ് നൈന | 21.7680 $M^3$ | 2.177 $M^3$ @1000 = 2177 | 04-08-20 |
| 4 | വെള്ളാണി മഠം ടൈൽ റോഡ് നിർമ്മാണം | സെക്രട്ടറി ആലപ്പുഴ ജില്ലാ ലേബർ കോൺട്രാക്ട് സൊസൈറ്റി | 26.068 $M^3$ | 2.607 $M^3$ @1000 = 2607 | 30-09-20 |
| 5 | ഒറ്റപ്പറമ്പ് ടൈൽ റോഡ് നിർമ്മാണം | സിയാദ് മേത്തർ | 7.2 $M^3$ | 0.720 $M^3$ @1000 = 720 | 20-02-21 |
| 6 | പറേക്കാട് ടൈൽ റോഡ് നിർമ്മാണം | ഷൗക്കത്തലി | 21.21 $M^3$ | 2.121 $M^3$ @1000 = 2121 | 10-10-20 |
| 7 | കണ്ണമ്പള്ളി ടൈൽ റോഡ് നിർമ്മാണം | സിയാദ് മേത്തർ | 26.184 $M^3$ | 2.6184 $M^3$ @1000 = 2618 | 03-03-21 |
| 8 | നികർത്തിൽ മൂര്യംവെളിടൈൽ റോഡ് നിർമ്മാണം | ഷാഹുൽ ഹമീദ് | 19.812 $M^3$ | 1.981 $M^3$ @ 1000 = 1981 | 07-03-21 |
| 9 | കുറ്റിച്ചിറടൈൽ റോഡ് നിർമ്മാണം | സെക്രട്ടറി ആലപ്പുഴ ജില്ലാ ലേബർ കോൺട്രാക്ട് സൊസൈറ്റി | 27.394 $M^3$ | 2.739 $M^3$ @1000 = 2739 | 28-02-21 |
| 10 | സനൽ കുമാർ മെമ്മോറിയൽ ടൈൽ റോഡ് നിർമ്മാണം | അനസ് നൈന | 19.664 $M^3$ | 1.966 $M^3$ @1000 = 1966 | 03-11-20 |
| 11 | തരംഗം കോൺക്രീറ്റ് റോഡ് | ഷൗക്കത്തലി | 30.60 $M^3$ | 3.06 $M^3$ @1000 = 3060 | 28-03-21 |
| 12 | പ്രിയൻ വെട്ടക്കടവ് പാലം കോൺക്രീറ്റ് റോഡ് | ശ്യാംകുമാർ | 7.56 $M^3$ | 0.756 $M^3$ @1000 = 756 | 11-08-20 |
| 13 | ശ്രീപദം പടിപുരയ്ക്കൽ ഗുരുപാദം ടൈൽ റോഡ് | സെക്രട്ടറി ആലപ്പുഴ ജില്ലാ ലേബർ കോൺട്രാക്ട് സൊസൈറ്റി | 27.828 $M^3$ | 2.783 $M^3$ @1000 = 2783 | 18-03-21 |
| 14 | തൈപ്പറമ്പ് കോൺക്രീറ്റ് റോഡ് | ഷൗക്കത്ത് | 16.845 $M^3$ | 1.685 $M^3$ @1000 = 1685 | 21-04-21 |
| 15 | പള്ളത്ത് ടൈൽ റോഡ് | സെക്രട്ടറി ആലപ്പുഴ ജില്ലാ ലേബർ കോൺട്രാക്ട് സൊസൈറ്റി | 53.652 $M^3$ | 5.365 $M^3$ @1000 = 5365 | 28-09-20 |
| 16 | ആശാൻ മെമ്മോറിയൽ ടൈൽ റോഡ് | മൗലാനാ അബ്ദുൾകലാം ആസാദ് | 16.50 $M^3$ | 1.650 $M^3$ @1000 = 1650 | 06-02-21 |
| 17 | പുളിച്ചുവട്ടിൽ ടൈൽ റോഡ് | മൗലാനാ അബ്ദുൾകലാം ആസാദ് | 24.90 $M^3$ | 2.49 $M^3$ @1000 = 2490 | 11-02-21 |

| | | | | | |
|---|---|---|---|---|---|
| 18 | നികർത്തിൽ ടൈൽ റോഡ് | മൗലാനാ അബ്ദുൾകലാം ആസാദ് | 11.4 $M^3$ | 1.14 $M^3$ @1000 = 1140 | 17-03-21 |
| 19 | വലിയ കോവിലകം ടൈൽ റോഡ് | മൗലാനാ അബ്ദുൾകലാം ആസാദ് | 12.39 $M^3$ | 1.239 $M^3$ @1000 = 1239 | 27-03-21 |
| 20 | റ്റൂറൽ ബണ്ട് കുറ്റിക്കൽ ടൈൽ റോഡ് | പ്രദീപ് .വി | 41.25 $M^3$ | 4.125 $M^3$ @1000 = 4125 | 19-03-21 |
| 21 | ആദർശ് മിത്രം ടൈൽ റോഡ് | പീറ്റർ . സി. എ | 55.20 $M^3$ | 5.520 $M^3$ @1000 = 5520 | 23-03-21 |
| 22 | ജോസഫ് ജംഗ്ഷൻ കോൺക്രീറ്റ് റോഡ് | പീറ്റർ സി. എ | 32.50 $M^3$ | 3.250 $M^3$ @1000 = 3250 | 30-12-20 |
| 23 | മഹാ വിഷ്ണ ക്ഷേത്രം കോൺക്രീറ്റ് റോഡ് നിർമ്മാണം | പീറ്റർ സി. എ | 53.50 $M^3$ | 5.350 $M^3$ @1000 = 5350 | 17-02-21 |
| 24 | പാരച്ചൂട്ട് ലൈൻ കോൺക്രീറ്റ് റോഡ് നിർമ്മാണം | പീറ്റർ സി. എ | 59.92 $M^3$ | 5.992 $M^3$ @1000 = 5992 | 03-03-21 |
| 25 | വികസനം നടപ്പാത കോൺക്രീറ്റ് റോഡ് | പീറ്റർ .സി.എ | 39 $M^3$ | 3.9 $M^3$ @1000 = 3900 | 11-02-20 |
| 26 | കോമച്ചാംവേലി കോൺക്രീറ്റ് റോഡ് | പീറ്റർ സി. എ | 29.20 $M^3$ | 2.920 $M^3$ @1000 = 2920 | 27-10-20 |
| 27 | പൂങ്കാവ് കൊല്ലാറ ടൈൽ റോഡ് | അനസ് നൈന | 11.8 $M^3$ | 1.18 $M^3$ @1000 = 1180 | 31-03-21 |
| 28 | മിത്രം ടൈൽ റോഡ് | പീറ്റർ സി. എ | 51.30 $M^3$ | 5.130 $M^3$ @1000 = 5130 | 31-03-21 |
| 29 | ജാതിക്കാപറമ്പ് കോൺക്രീറ്റ് റോഡ് | പീറ്റർ സി.എ | 50 $M^3$ | 5 $M^3$ @1000 = 5000 | 27-10-20 |
| 30 | പത്തു തൈയ്യിൽ കോൺക്രീറ്റ് റോഡ് | പീറ്റർ സി.എ | 71.76 $M^3$ | 7.176 $M^3$ @1000 = 7176 | 17-02-21 |
| | ആകെ | | | 92521 | |
| | മുൻ വർഷത്തെ പ്രവൃത്തികൾ | | | | |
| 31 | ശങ്കരശ്ശേരി കന്നിട്ട ടൈൽ റോഡ് | ഷൗക്കത്തലി | 17.57 $M^3$ | 1.757 $M^3$ @1000 = 1757 | 17-02-20 |
| 32 | ഗ്യാലക്സി ചക്കാലയിൽ ടൈൽ റോഡ് | സെക്രട്ടറി ആലപ്പുഴ ജില്ലാ ലേബർ കോൺട്രാക്ട് സൊസൈറ്റി | 14.40 $M^3$ | 1.440 $M^3$ @1000 = 1440 | 05-03-20 |
| 33 | കണിയാം വെളി ടൈൽ റോഡ് | പ്രദീപ് വി | 12.104 $M^3$ | 1,.210 $M^3$ @1000 = 1210 | 17-03-20 |
| 34 | കലാഭവൻ ടൈൽ റോഡ് | പ്രദീപ് വി | 33.75 $M^3$ | 3.375 $M^3$ @1000 = 3375 | 28-02-20 |
| 35 | NH66 – വടയാറ്റുശ്ശേരി ടൈൽ റോഡ് | പ്രദീപ് വി | 37.8750 $M^3$ | 3.787 $M^3$ @1000 = 3787 | 02-03-20 |
| 36 | ലൂഥറൻ ഹൈസ്കൂൾ ടൈൽ റോഡ് | ഷൗക്കത്തലി | 29.61 $M^3$ | 2.961 $M^3$ @1000 = 2961 | 24-02-20 |
| 37 | RO Plant ടൈൽ റോഡ് | സിയാദ് മേത്തർ | 54 $M^3$ | 5.4 $M^3$ @1000 = 5400 | 12-03-20 |
| 38 | തുമ്പോളി ചർച്ച് ടൈൽ റോഡ് | സിയാദ് മേത്തർ | 21.35 $M^3$ | 2.135 $M^3$ @1000 = 2135 | 27-02-20 |
| 30 | പാടത്ത് പത്തേൽ ടൈൽ റോഡ് | അനസ് നൈന | 38.88 $M^3$ | 3.888 $M^3$ @1000 = 3888 | 31-01-20 |
| 40 | ആരാധന ചക്കനാട്ട് ചിറ ടൈൽ റോഡ് | ഷാഹുൽ ഹമീദ് | 15.30 $M^3$ | 1.530 $M^3$ @1000 = 1535 | 14-03-20 |
| | ആകെ | | | 27488 | |

ഷ്രിങ്കേജ് 10% കുറവു ചെയ്യാതെ തുക അനുവദിച്ചത് വഴി രൂപയുടെ 120009/-അധികച്ചെലവിനിടയാക്കി. ടി തുക ബന്ധപ്പെട്ട

കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ 24/28-06-22-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് കരാറുകാരിൽ നിന്നും തുക ഈടാക്കിക്കൊള്ളാമെന്ന് അറിയിച്ചിട്ടുണ്ട്.

## 3-8 വയോജനങ്ങൾക്ക് കട്ടിൽ വിതരണം-അനർഹരായവർക്ക് ആനുകൂല്യം നൽകി- 3440/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

*പ്രോജക്ട് നം.- 46/21 വയോജനങ്ങൾക്ക് കട്ടിൽ*

അടങ്കൽ- 550000/--വികസന ഫണ്ട്

ചെലവ്- 438394/--ബിൽ നം-9/20-21/,21/12/20,219197/-

ബിൽ നം-13/20-21/,17/03/21,219197/-

ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 വർഷം നടപ്പിലാക്കിയ വയോജനങ്ങൾക്ക് കട്ടിൽ വിതരണം എന്ന പദ്ധതി പ്രകാരം ആകെ 108 ഗുണഭോക്താക്കൾക്ക് സിഡ്കോയിൽ നിന്നും കട്ടിൽ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.ഗുണഭോക്താക്കൾ സമർപ്പിച്ചിട്ടുള്ള രേഖകൾ പരിശോധിച്ചതിൽ സബ്സിഡി മാർഗ്ഗരേഖ പ്രകാരം നിശ്ചയിച്ചിട്ടുള്ള അർഹതാ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി താഴെ പറയുന്ന ഗുണഭോക്താവിന് ആനുകൂല്യം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് , വിലാസം. | പരാമർശം |
|---|---|
| മെഹർനിസ,കാട്ടുങ്കൽ വെളി | ആധാർ കാർഡ് പ്രകാരം ടി ഗുണഭോക്താവിന്റെ ജനന വർഷം 1964ആണ്.അതിൻ പ്രകാരം 03/21 ൽ ടിയാരിക്ക് 57വയസ്സ് മാത്രമെ പൂർത്തിയാകൂ. സബ്സിഡി മാർഗ്ഗരേഖ പ്രകാരം 60 വയസ്സ് കഴിഞ്ഞവർക്ക് മാത്രമെ ടി ആനുകൂല്യം നൽകാനാവൂ. |

*അപാകതകളിന്മേൽ വിശദീകരണംലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (22/28.6.22 ) മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ സബ്സിഡി മാർഗ്ഗ രേഖ പ്രകാരമുള്ള അടിസ്ഥാന മാനദണ്ഡമായ 60 വയസ്സ് തികയാത്ത ഗുണഭോക്താവിന് നൽകിയ കട്ടിലിന്റെ വിലയായ 3440/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.*

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020/21 | 100000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020/21 | 1160000 | ലൈഫ് പദ്ധതി ജനറൽ | 1160000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020/21 | 1040000 | ലൈഫ് പദ്ധതി ജനറൽ | 1040000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020/21 | 98253 | ക്ഷീരകർഷകർക്ക്പാലിന്സബ്സിഡി | 98253 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020/21 | 80000 | ലൈഫ് പദ്ധതി എസ്സ് സി | 80000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020/21 | 373800 | മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 373800 | 0 |
| ജില്ലാ | | 100000 | അംഗൻവാടിഅനുപൂരക | 100000 | 0 |

| | | | | |
|---|---|---|---|---|
| പഞ്ചായത്ത് | | പോഷകാഹാരം | | |
| ജില്ലാ പഞ്ചായത്ത് | 200000 | പാലിന് സബ്സിഡി | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 600000 | ലൈഫ് | 600000 | 0 |
| ജില്ലാ പഞ്ചായത്ത് | 1240000 | ലൈഫ് | 1240000 | 0 |
| ജില്ലാ പഞ്ചായത്ത് | 193588 | സുജലം | 193588 | 0 |
| ജില്ലാ പഞ്ചായത്ത് | 40000 | ലൈഫ് | 40000 | 0 |
| ജില്ലാ പഞ്ചായത്ത് | 240000 | ലൈഫ് | 240000 | 0 |
| ജില്ലാ പഞ്ചായത്ത് | 560000 | ലൈഫ് | 560000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ എസ് ഇ ബി | വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റൽ | 7 | 248000 | 248000 | 204939 |
| കെ എസ് ഇ ബി | വിവിധ വാർഡുകളിൽഇലക്ട്രിക് പോസ്റ്റ് മാറ്റൽ | 100 | 120000 | 120000 | 46016 |
| കെ എസ് ഇ ബി | സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | 105 | 401935 | 401935 | 0 |
| കെ ഡബ്ല്യൂ എ | ആർ ഒ പ്ലാന്റ് അറ്റകുറ്റപണി | 26 | 500000 | 500000 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

വായ്പ രജിസ്റ്റർ പ്രകാരമുള്ള വിവരം ചുവടെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻവർഷം വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ | ലഭ്യമാക്കിയില്ല | 2040000 | 41954706 | 3380040 | - | 40614666 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ ഇല്ല.

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 78594803 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 79577861 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 75141 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 7932539 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |
| 3-1 | | 66916 | ശ്രീമതി. സൗമ്യ . എസ് , ഡയറി എക്സ്റ്റെൻഷൻഓഫീസർ-42384/-<br>ശ്രീമതി .സു നിത പി.പി ,ഡയറി എക്സ്റ്റെൻഷൻഓഫീസർ -24532/- |
| 3-2 | | 3091 | ശ്രീമതി .യാമിനി ദാസ് , അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-3 | | 1694 | ശ്രീമതി ..യാമിനി ദാസ് , അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-8 | | 3440 | ശ്രീമതി .ബിന്ദു . ICDS സൂപ്പര്‍വൈസർ |
| | ആകെ | 75141 | |
| | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 2588678 | ശ്രീമതി.ജിഷാ മോൾ ,കൃഷി ഓഫീസർ, |
| 1-32 | 102259 | ശ്രീമതി.സംഗീത ,സെക്രട്ടറി, |
| 1-34 | 73984 | ശ്രീമതി.സംഗീത ,സെക്രട്ടറി, |
| 1-35 | 625000 | ഡോ.മേരിലിഷി ,വെറ്റി.സർജൻ , |
| 1-36 | 44600 | ഡോ.കണ്ണൻ വി. എ,MO ,PHC |
| 1-37 | 401935 | ശ്രീമതി.സംഗീത ,സെക്രട്ടറി, |
| 1-38 | 200000 | ഡോ.കണ്ണൻ വി. എ,MO ,PHC |
| 1-39 | 55399 | ഡോ.കണ്ണൻ വി. എ,MO ,PHC |
| 1-40 | 4930 | ഡോ.കണ്ണൻ വി. എ,MO ,PHC |
| 1-41 | 779989 | ഡോ.ദൃശ്യ കെ.എസ്, ,MO ,PHC<br>ഡോ .ഫ്രഷി തോമസ് ,MO ,PHC |
| 1-42 | 500000 | ശ്രീമതി.സംഗീത ,സെക്രട്ടറി, |
| 1-43 | 199042 | ശ്രീമതി.സംഗീത ,സെക്രട്ടറി, |
| 1-44 | 194912 | ശ്രീമതി.സംഗീത ,സെക്രട്ടറി, |
| 1-45 | 43061 | ശ്രീമതി.സംഗീത ,സെക്രട്ടറി, |
| 1-46 | 968750 | ശ്രീമതി.സംഗീത ,സെക്രട്ടറി, |
| 1-47 | 1150000 | ശ്രീമതി.സംഗീത ,സെക്രട്ടറി, |
| ആകെ | 7932539 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 3-4 | 179662 |
| 3-5 | 1771 |
| 3-6 | 1271 |

| | |
|---|---|
| 3-7 | 120009 |

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ജിഷാ മോൾ, കൃഷി ഓഫീസർ, | കൃഷി ഓഫീസർ, എടത്വ ഗ്രാമപഞ്ചായത്ത് | ലഭ്യമാക്കിയില്ല |
| ശ്രീമതി.സംഗീത, സെക്രട്ടറി, | സെക്രട്ടറി, ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്ത്, കൊല്ലം | ചാലിൽ ഹൗസ്, SRP മാർക്കറ്റ്, തഴവ, കരുനാഗപ്പള്ളി |
| ഡോ.മേരിലിഷി, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ | പാരിശ്ശേരിൽഹൗസ്, നോർത്ത് ആര്യാട്, ആലപ്പുഴ |
| ശ്രീമതി.യാമിനി ദാസ്, അസിസ്റ്റന്റ് എഞ്ചിനിയർ | അസിസ്റ്റന്റ് എഞ്ചിനിയർ, ആര്യാട് ഗ്രാമ പഞ്ചായത്ത് | ചാരങ്കാട്ട് ഹൗസ്, പൊള്ളേത്തൈ പി. ഒ, ആലപ്പുഴ |
| ഡോ.കണ്ണൻ വി.എ, MO, PHC | ലഭ്യമാക്കിയില്ല | ശ്രീവത്സം, അവലൂക്കുന്ന് പി.ഒ, ആലപ്പുഴ |
| ഡോ.ദൃശ്യ കെ.എസ്, MO, PHC | ലഭ്യമാക്കിയില്ല | കുന്നത്ത് ഹൗസ്, പൊന്നാട് പി.ഒ ആലപ്പുഴ |
| ഡോ .ഫ്രഷി തോമസ്, MO, PHC | ലഭ്യമാക്കിയില്ല | പഴമ്പശ്ശരിൽ ഹൗസ്, ആലപ്പുഴ |
| ശ്രീമതി.ബിന്ദു, ICDS സൂപ്പര്വൈസർ | ICDS സൂപ്പർവൈസർ, ആര്യാട് ഗ്രാമപഞ്ചായത്ത് | കാർത്തിക വിലാസം, മണ്ണഞ്ചേരി പി.ഒ, ആലപ്പുഴ |
| ശ്രീമതി. സൗമ്യ.എസ്, ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | ലഭ്യമാക്കിയില്ല | പറവക്കൽ, മരുത്തോർവട്ടം, ചേർത്തല |
| ശ്രീമതി.സുനിത.പി.പി, ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | ലഭ്യമാക്കിയില്ല | കരളശ്ശേരി, മംഗലത്ത് പുരയിടം, തുമ്പോളി |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1995-96 | എൽ.എഫ്.എ8/1490/09/18.04.08/11.06.08 |
| 1997-98 | എൽ.എഫ്.ജി.എ.5-1832/11/19.01.12 |
| 1999-00 | എൽ.എഫ്.ജി.എ.5-1832/11/19.01.12 |
| 2000-01 | എൽ.എഫ്.ജി.എ.5-1832/11/19.01.12 |
| 2001-02 | എൽ.എഫ്.ജി.എ.5-1832/11/19.01.12 |
| 2002-03 | എൽ.എഫ്.ജി.എ.5-1832/11/19.01.12 |
| 2003-04 | എൽ.എഫ്.ജി.എ.5-1832/11/19.01.12 |
| 2004-05 | എൽ.എഫ്.ജി.എ.5-1832/11/19.01.12 |
| 2005-06 | എൽ.എഫ്.ജി.എ.5-1832/11/19.01.12 |
| 2006-07 | എൽ.എഫ്.എ16-46/2010/28.08.2010/4.10.2010 |
| 2007-08 | എൽ.എഫ്.എ.പി.10-1357/2010/31.05.11/14.07.11 |
| 2008-09 | എൽ.എഫ്.എ.പി.10-1358/2010/31.05.11/14.07.11 |
| 2009-10 | എൽ.എഫ്.എ.പി.10-1359/2010/31.05.11/30.06.11 |
| 2010-11, 2011-12, 2012-13 | എൽ.എഫ്.എ.പി.9-96/13/28.01.2014 |
| 2014-15 | കെ.എസ്.എ.എ.എൽ.പി -പി9-1629/2015/08.01.2016 |
| 2015-16 | കെ.എസ്.എ.എ.എൽ.പി -പി9-137/17/06.02.2017 |
| 2016-17 | കെ.എസ്.എ-എ.എൽ.പി/പി9-886/2017/ 19.07.2017 |
| 2017-18 | കെ.എസ്.എ-എ.എൽ.പി/പി9-1553/18/07.12.2018 |
| 2018-19 | കെ.എസ്.എ-എ.എൽ.പി/പി8-790/2020/29-12-20 |
| 2019-20 | കെ.എസ്.എ-എ.എൽ.പി/പി9-359/22 / 27-03-22 |

തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനു സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ ആര്യാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ ആര്യാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്